കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആര്യനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-2019


കേരള സംസ്ഥാന ഓഡിറ്റ്
തിരുവനന്തപുരം ജില്ലാ ഓഡിറ്റ്
കാര്യാലയം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം .കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1862/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 06.12.2019

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യനാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1862/2019 തീയതി:06.12.2019

## തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.2.19 മുതൽ 31.08.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എം.ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.09.2019 മുതൽ 28.09.2019. വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ജി.കെ.പ്രേംനാഥ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കോസലരാമദാസ്.കെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലിപു.എസ്.ലോറൻസ്<br>ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ഷാമില ബീഗം | 1.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | : | ശ്രീമതി. ജയന്തി.എസ് | 1.04.2018 മുതൽ 31.03.2019വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി. | ശ്രീ. എസ്.എസ്.ശ്യാമപ്രസാദ് | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചന്ദ്രലേഖ | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്ററിനറിസർജൻ | ഡോ.സോഫിയ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി .എച്ച്.സി) | ഡോ .ശശി | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജയ ഡേവിഡ് | 01.04.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷാകുമാരി. എൽ | 01.04.2018മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കോക്കോട്ടോല) | ശ്രീമതി.ശ്യാമിനി വി.എസ് | 01.04.2018മുതൽ 01.06.2018വരെ |
| | ശ്രീ. സജീർഖാൻ | 02.06.2018മുതൽ 08.11.2018 വരെ |
| | ശ്രീ.ഗൗരി ശങ്കർ | 09.11.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആര്യനാട്) | ശ്രീമതി.സൗമ്യ | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി .ശ്രീലത ബി | 01.04.2018മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.സതീഷ്കുമാർ | 01.04.2018മുതൽ 30.06.2018വരെ |
| | ശ്രീ.കെ.എൻ.സന്തോഷ്കുമാർ | 01.07.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബജറ്റ് അപാകതകൾ | 1-11 |
| 12 | ആര്യനാട് പബ്ലിക്ക് മാർക്കറ്റിലെ ഗേറ്റ് പിരിവ് - 2016-17 -ലെ ലേല തുക ഈടാക്കിയില്ല. | 1-12 |
| 13 | എസ്.എൽ.ഐ. പ്രീമിയം തുക ഈടാക്കിയതിൽ കുറവ് | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം | 1-15 |
| 16 | വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം-അപാകങ്ങൾ | 1-16 |
| 17 | ബിൽഡിംഗ് പെർമിറ്റ് -കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-17 |
| 18 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല | 1-18 |
| 19 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല -പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ഗുരുതരമായ അപാകതകൾ | 1-19 |
| 20 | വാങ്ങൽ നടപടികളിൽ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെട്ടില്ല ടെണ്ടർ നടപടിക്രമങ്ങളിലെ പാളിച്ച- അധികച്ചെലവ് 97,595/-രൂപ | 1-20 |
| 21 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ | 1-21 |
| 22 | എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധികഅളവിൽഎർത്ത് ഫില്ലിങ്ങ് നൽകിയതു മൂലം അധികച്ചെലവ് 11,121/- രൂപ | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ-subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല- അധികച്ചെലവ്-3519/-രൂപ | 1-23 |
| 24 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-24 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല-ആസ്തി പഞ്ചായത്തിന്റേതാണെന്ന് ഉറപ്പ് വരുത്താതെ നിർമ്മാണ പ്രവൃത്തികൾ | 1-25 |

| | | |
|---|---|---|
| | നടത്തുന്നു. | |
| 26 | ലൈഫ് മിഷൻ പദ്ധതിയ്ക്കായുള്ള മെറ്റീരിയൽ ഉല്പ്പാദന യൂണിറ്റ് - നിശ്ചലാവസ്ഥ മാറ്റുവാൻ നടപടി എടുക്കണം | 1-26 |
| 27 | വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായ ആട്ടുവളർത്തൽ പദ്ധതിയിലെ അപാകങ്ങൾ | 1-27 |
| 28 | ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാകുന്നില്ല- ചെലവു ശതമാനം ആശങ്കാജനകം | 1-28 |
| 29 | അങ്കണവാടികളിലെ സൗകര്യം ഒരുക്കുന്നതിൽ ഗുരുതര വീഴ്ച | 1-29 |
| 30 | ജാഗ്രതാ സമിതി - ഫർണിച്ചർ വാങ്ങൽ- സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധം | 1-30 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി – മരുന്ന് വാങ്ങൽ 2,67,004/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-32 |
| 33 | 'ഫിസിയോതെറാപ്പി ഉപകരണങ്ങൾ - ഫിസിയോതെറാപ്പിസ്റ്റ് ശമ്പളം' പദ്ധതി-ലക്ഷ്യം നേടിയില്ല. | 1-33 |
| 34 | ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | വനിതകൾക്ക് യോഗാ പരിശീലനം പദ്ധതി -മാർഗ്ഗരേഖക്ക് വിരുദ്ധം-50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | സ്പീച്ച് ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി പദ്ധതി-മാർഗ്ഗരേഖക്ക് വിരുദ്ധം-58,490/-രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |
| 37 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികൾ-ചെലവു രേഖകൾ ഹാജരാക്കിയില്ല- 407500/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-37 |
| 38 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി -അപാകതകൾ | 1-38 |
| 39 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ നൽകി | 1-39 |
| 40 | പട്ടികജാതി യുവതികൾക്ക് ടൂവീലർ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -1,19,830/-രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | പട്ടികവർഗ്ഗക്കാരായ ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-തുക അനുവദിച്ചിരിക്കുന്നത് ആർക്കാണെന്നു വ്യക്തമല്ല 50,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 42 | പഞ്ചായത്ത് സ്പോർട്ട്സ് ടീം -ജഴ്സി നൽകിയതിന്റെ കൈപ്പറ്റ് രസീതു ഹാജരാക്കിയില്ല- 2587/-രൂപ തടസ്സപ്പെടുത്തുന്നു | 1-42 |
| 43 | ഹെഡ്മിസ്''ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിലെ അപാകങ്ങൾ | 1-43 |
| 44 | പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്ക് ലാപ് ടോപ്പും പ്രൊജക്ടറും പദ്ധതി -അപാകങ്ങൾ | 1-44 |

| | | |
|---|---|---|
| 45 | ടെണ്ടർ വഴി മരാമത്ത് പണികൾ – കരാർ ചമയ്ക്കുന്നതിലെ കാലതാമസം – പിഴ ഈടാക്കാത്തതിനാൽ – നഷ്ടം – 7134/- രൂപ | 1-45 |
| | ഭാഗം 2 | |
| | *വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| 46 | ടെണ്ടർവഴി മരാമത്ത് പണികൾ-കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കാത്തതിനാൽ നഷ്ടം-7,134/- രൂപ | 2-1 |
| | ഭാഗം 3 | |
| | *ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| 47 | വാങ്ങൽ നടപടികളിൽ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെട്ടിട്ടില്ല – അധികചെലവ് 97,595/-രൂപ | 3-1 |
| 48 | എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധിക അളവിൽ എർത്ത് ഫില്ലിങ്ങ് നൽകിയതുമൂലം അധികച്ചെലവ് 11,121/- രൂപ നിരാകരിക്കുന്നു | 3-2 |
| 49 | subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല- അധികച്ചെലവ്-3519/-രൂപ നിരാകരിക്കുന്നു | 3-3 |
| 50 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി -അപാകതകൾ 4682/-രൂപ നിരാകരിക്കുന്നു. | 3-4 |
| 51 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ നൽകി 39525/-രൂപ നിരാകരിക്കുന്നു | 3-5 |
| | ഭാഗം 4 | |
| | *പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും* | |
| 52 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 53 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 54 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 56 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 58 | ഓഡിറ്റ് റിക്കവറി | 4-7 |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 60 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# **ഭാഗം -1**

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.03.2018 -ാം തീയതിയിലെ 1(1) -ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.04.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27545975 |
| വരവ് | 114479132 |
| ആകെ | 142025107 |
| ചെലവ് | 121165785 |
| നീക്കിയിരിപ്പ് | 20859322 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 24368348 | 24368348 | 24368348 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4343431 | 4343431 | 4343431 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1252914 | 1252914 | 1252914 | 0 |
| സി.എഫ്.സി | 0 | 7611486 | 7611486 | 7611486 | 0 |
| ബി ഫണ്ട് | 0 | 1406400 | 1406400 | 1406400 | 0 |
| മെയിന്റനൻസ് റോഡ് | 0 | 5945674 | 5945674 | 5945674 | 0 |
| മെയിന്റനൻസ് റോഡിതരം | | 4841023 | 4841023 | 4841023 | 0 |
| പൊതുആവശ്യ ഗ്രാന്റ് | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| [illegible] | -317116 | 21583683 | 21266567 | 13932779 | 7333788 |
| എം.എൻ.ആർ.ഇ. ജി.എസ്. | 120391 | 1327516 | 1447907 | 1314216 | 133691 |
| Canara Rurban | 17799297 | 315046 | 18114343 | 16912809 | 1201534 |
| SBI Vellanad | 17181 | 1043746 | 1060927 | 1030000 | 30927 |
| District Co-operative Bank | 3565638 | 25000 | 3590638 | 23026 | 3567612 |
| Life | 5723225 | 27238839 | 32962064 | 25240000 | 7722064 |
| Canara Bank | 628399 | 13063345 | 13691744 | 12943679 | 748065 |
| Service Co-operative Bank | 8960 | 0 | 8960 | 0 | 8960 |
| Cash | 0 | 112681 | 112681 | 0 | 112681 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 279 | 298002184 | 145 | 82675485 | 0 | 134 | 51 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 120391 | 1327516 | 1447907 | 1314216 | 133691 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 58856000 | 58856000 | 58856000 | 0 |
| ആകെ | 120391 | 60183516 | 60303907 | 60170216 | 133691 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 866400 | 929 |
| കർഷകതൊഴിലാളി പെൻഷൻ | 7302600 | 1824 |
| വിധവാപെൻഷൻ | 22022100 | 5254 |
| വാർദ്ധക്യകാലപെൻഷൻ | 25832200 | 6057 |
| വികലാംഗപെൻഷൻ | 5247700 | 1236 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 540000 | 18 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 906100 | 214 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2019- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8839/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

- ആഭ്യന്തര നിയന്ത്രണസംവിധാനത്തിലുള്ള ഗുരുതരമായ അച്ചടക്കമില്ലായ്മ ആര്യനാട് ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും തടസ്സം സൃഷ്ടിച്ചിട്ടുണ്ട് എന്ന്പ്രഥമ ദൃഷ്ട്യാ കാണാം. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടേയും പാലനത്തിൽ ജാഗ്രതക്കുറവുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽകുറേക്കൂടി കൃത്യത പുലർത്തേണ്ടതുണ്ട്. തനതുവരുമാന സംഭരണം,പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.
- പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.
- **<u>പൊതുവായആഭ്യന്തര നിയന്ത്രണം</u>**
- ജീവനക്കാരുടെജോലി വിഭജനം ഓഫീസ് ഓർഡർ മുഖേനകൃത്യമായി നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.
- റെക്കോർഡ് റൂം പരിപാലനംതൃപ്തികരമാണ് .എന്നാൽ രജിസ്റ്ററുകളുടെ പരിപാലനത്തിൽ കുറേക്കൂടിജാഗ്രത പുലർത്തേണ്ടതാണ്.വിശദാംശങ്ങൾക്ക് ഖ 1-18,1-21കാണുക
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

**<u>അക്കൗണ്ടിങ്ങ് സംവിധാനം</u>**

- ബഡ്ജറ്റ് തയ്യാറാക്കുന്നതിലും അക്കൗണ്ടിംഗ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലുംകൂടുതൽ ശ്രദ്ധ ആവശ്യമാണ്.(ഖ 1-11 ) കാണുക
- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.
- **<u>ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ</u>**

നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
  വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ **-ഖ.1-16കാണുക**
- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.**(ഖ.1-18)**
- കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല **(ഖ.1-17)**
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- ലേലനടപടിക്രമങ്ങളിലെ അപാകങ്ങൾ വരവിനങ്ങളിലെകുറവിനും അധികച്ചെലവിനും കാരണമാകുന്നു.
  **ഖ.1-12 കാണുക**
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

**<u>സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ</u>**

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽസർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്. **(ഖ.3-1, 3-5 കാണുക)**

- **<u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>**
- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. **ഖ 1-25** കാണുക
- **<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>**
- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- കർമ്മപദ്ധതി തയ്യാറാക്കിയിയിട്ടില്ല.വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതുംവർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- വിവിധ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല

- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല

- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പരിശോധിക്കുന്നില്ല.

- ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഗുരുതരമായ അപാകങ്ങൾ നിലനിൽക്കുന്നു.

- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിച്ച് ജനകീയമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
  **ഖ.1- 19കാണുക**

- മരാമത്ത് പ്രവൃത്തികൾ- അളവിലും നിരക്കിലും കൃത്യത പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.
  **ഖ.1- 23കാണുക**

- **(ii)പൊതുഭരണം**

- 29.01.15ലെ ജി.ഒ.(എം.എസ്.)18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിച്ച്, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്.

- **സേവന ഉപനികുതി ചുമത്തുന്നില്ല**

- ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ആര്യനാട് പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.05.2019 | 2018-19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.05.2015 | 2009-10 മുതൽ 2013-14 വരെ | റിപ്പോർട്ട് പകർപ്പ് ഓഡിറ്റിന് ലഭിച്ചിട്ടില്ല. |

# 1-11 ബജറ്റ് അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ (ചട്ടം 72) പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.എന്നാൽ ചുവടെ ചേർത്തിരിക്കുന്നവയ്ക്ക് അത്തരത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

***1 )ബജറ്റിൽ വകയിരുത്താതെ ചെലവഴിച്ച തുക***

| Head code | ഇനം | വാർഷിക ധനകാര്യപത്രികയിലെ തുക |
|---|---|---|
| 2102002 | മറ്റ് ബത്തകൾ | 98564/- |
| 2207101 | അസാധാരണ ചെലവുകൾ | 64435/- |
| 2501003 | കാർഷിക വികസന പരിപാടികൾ | 420000/- |
| 2501005 | കൃഷിയും അനുബന്ധ മേഖലകളും-ക്ഷീര വികസനം | 464340/- |
| 2501009 | കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 9375/- |
| 2501048 | ക്ഷീരവികസം-പാശ്ചാത്തല സൗകര്യം | 500000/- |
| 2502003 | വെള്ളപ്പൊക്ക നിവാരണം | 32344/- |
| 2511013 | വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾ | 1268030/- |
| 2516008 | മറ്റ് പ്ലാൻ ചെലവുകൾ | 30000/- |

***2. ബജറ്റിൽ കുറവ് വകയിരുത്തി കൂടുതൽ ചെലവ് ചെയ്തവ.***

| Head code | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക ധനകാര്യപത്രികയിലെ തുക |
|---|---|---|---|
| 2501002 | കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 10000/- | 513205/- |
| 2501041 | മൃഗസംരക്ഷണം-അനുബന്ധ | 300000/- | 1170650/- |

| | | | |
|---|---|---|---|
| | സൗകര്യങ്ങൾ | | |
| 2501046 | ക്ഷീരവികസം- സംഭരണവും വിപണനവും | 200000/- | 544830/- |
| 2531014 | കുടിവെള്ളത്തിനുള്ള പണം നൽകൽ | 1000/- | 223217/- |

***3. ബജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവു ചെയ്യാത്തതുമായ തുകകളുടെ വിവരം***

| Head code | ഇനം | ബജറ്റ് പ്രകാരം വകയിരുത്തിയ തുക |
|---|---|---|
| 2501004 | മൃഗസംരക്ഷണം | 10000/- |
| 2501007 | കൃഷിയും അനുബന്ധ മേഖലകളും-വനവൽക്കരണം | 10000/- |
| 2501008 | കൃഷിയും അനുബന്ധ മേഖലകളും-നീർത്തടവികസനം | 10000/- |
| 2501011 | കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 100000/- |
| 2501012 | കൃഷിയും അനുബന്ധ മേഖലകളും-വാഴ | 200000/- |
| 2501014 | കൃഷിയും അനുബന്ധ മേഖലകളും-ഹോർട്ടീകൾച്ചർ | 300000/- |
| 2501045 | ക്ഷീരവികസം-തീറ്റപുൽ കൃഷി | 50000/- |
| 2505005 | ബയോഗ്യാസ് പ്ലാന്റ് | 500000/- |
| 2511017 | ഗ്രാമ സഭ /വാർഡ് സഭ കേന്ദ്രങ്ങൾ | 10500000/- |
| 2511019 | യുവജന ക്ഷേമ പ്രോത്സാഹന പരിപാടികൾ | 120000/- |
| 2513009 | വനിത ക്ഷേമ പരിപാടി | 3500000/- |

മേൽ അപാകതയുള്ള ഓഡിറ്റ് എൻക്വയറി നം 15 നുള്ള മറുപടിയിൽ ഭാവിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും 2018-19 ൽ വളരെയധികം ബില്ലുകൾ ക്യൂലിസ്റ്റിൽ ഉൾപ്പെട്ടതിനാലാണെന്നും അറിയിച്ചിരിക്കുന്നു.

# 1-12 ആര്യനാട് പബ്ലിക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവ് - 2016-17 -ലെ ലേല തുക ഈടാക്കിയില്ല.

ആര്യനാട് പബ്ലിക്ക് മാർക്കറ്റിലെ 2016-17 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ഗേറ്റ് ഫീസ് പിരിവ് ലേലം ചെയ്തു നൽകുന്നതിനു 131/942/16-ാം നമ്പരായി ലേല പരസ്യം ചെയ്തിരുന്നു.05.03.2016-ൽ

നടന്ന ലേലത്തിൽ ശ്രീ.ഷാജീവ്,S/o സുധീന്ദ്രദാസ്,മംഗളോദയം,ഇറവൂർ,കോട്ടയ്ക്കകം, ആര്യനാട് എന്ന വ്യക്തി 9,20,500/ -രൂപയ്ക്ക് ലേലം കൊണ്ടു.ലേല തുകയുടെ മൂന്നിലൊന്ന് തുകയായ 3,06,835/- രൂപ ലേല തീയതിയിൽ അടവാക്കിയിട്ടുണ്ട്. ബാക്കി തുക രണ്ടു തുല്യ ഗഡുക്കളായി കാലയളവിനുള്ളിൽ അടവാക്കണമെന്നും അല്ലാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കുന്നത് അംഗീകരിക്കുമെന്നുള്ള ലേല കരാർ 05.03.2016 ൽ തന്നെ ലേലക്കാരൻ നൽകിയിട്ടുണ്ട്. ഇതിനുപരിയായി ബാക്കിയുള്ള തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ 26.03.2016-ൽ B1-942/16-ാം നമ്പർ കത്തിലൂടെ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. 31.03.2016 ൽ 1894/20016- ാം നമ്പർ സോൾവെൻസി സർട്ടിഫിക്കറ്റ് പഞ്ചായത്തിനു ലേലക്കാരൻ കൈമാറിയിട്ടുണ്ട്.2016 ഏപ്രിൽ മുതൽ 2017 മാർച്ച് 31 വരെയുള്ള ഗേറ്റ് ഫീ ലേലക്കാരൻ പിരിച്ചിട്ടുണ്ടെങ്കിലും ബാക്കി തുകയായ 6,13,665/രൂപ പഞ്ചായത്തിനു ലഭ്യമായിട്ടില്ല. 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം ബി 15 ഷെഡ്യൂളിൽ 593665/-രൂപ ലഭിക്കാനുണ്ട്.ലേലകരാർ,സോൾവെൻസി സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പരശോധനയിലും ബാക്കി തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളിലും ഗുരുതരമായഅപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ

1. സെക്രട്ടറിയും ലേലം കൊണ്ട വ്യക്തിയും തമ്മിലുള്ള സംയുക്ത കരാറിനു പകരം ലേലക്കാരൻ തയ്യാറാക്കിയ കരാറിൽ സെക്രട്ടറി ഒപ്പുവെച്ചിരിക്കുന്നു.

2. ബാക്കി തുക അടവാക്കാത്തപക്ഷം നിയമനടപടി സ്വീകരിക്കാമെന്ന് കരാറിൽ പറയുന്നുണ്ട്.എന്നാൽ സോൾവെൻസി സർട്ടിഫിക്കറ്റിന്മേലുള്ള റവന്യൂറിക്കവറി നടപടികൾ കരാറിൽ പറഞ്ഞിട്ടില്ല.

3. As per Kerala Revenue Recovery Act of 1968 , chapter IV act 69 (2) when any amount, other than public revenue due on land which is recoverable under this act ,is,due, the officer charged with its realization may send to the Collector of the district in which the demand arose a written requisition in the prescribed form,duely verified and certified by him.എന്നാൽ ഇതിനു പകരം പഞ്ചായത്ത് ആർ.ആർ ഡിമാന്റ് നോട്ടീസ് അയച്ചിരിക്കുന്നു.

4. ബാക്കി തുകയുടെ ഇരട്ടി തുകയ്ക്കുള്ള (1227330/-)സോൾവെൻസി സർട്ടിഫിക്കറ്റിനു പകരം കാട്ടാക്കട താലൂക്കിലെ വാഴിച്ചൽ വിലേജിൽപ്പെട്ട റ്റി.പി 9612/30-ാം നമ്പർ തണ്ടപ്പേരിൽ കൊണ്ട സർവേ 216/9-3 ൽപ്പെട്ട 5 ലക്ഷം രൂപ മതിപ്പ് വിലയുള്ള വസ്തുവിന്റെ സോൾവെൻസി സർട്ടിഫിക്കറ്റാണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്.

5. RR നോട്ടീസ് നൽകിയിട്ടും തുക അടവാക്കാത്ത സാഹചര്യത്തിൽ നിയമ നടപടികളിലൂടെ തുക ഈടാക്കുന്നതിനു കേസ് ഫയൽ ചെയ്യുന്നതിനും ആവശ്യമായ തുക തനതു ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനും 30.03.2017 ലെ തീരുമാനം 5(2) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.എന്നാൽ സോൾവെൻസിക്കുമേലുള്ള റവന്യൂ റിക്കവറി നടപടികളെ കുറിച്ച് സെക്രട്ടറി ഭരണസമിതിയെ അറിയിച്ചിട്ടില്ല.

6. 30.03.2017 ലെ തീരുമാന പ്രകാരം ലേലക്കാരനെതിരെയുള്ള കേസ് ഫയൽ ചെയ്യുന്നത് 12.02.2018 ലാണ്.നിലവിലും കേസ് നടക്കുന്നുണ്ട്.

7. സോൾവെൻസി സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ നിലവിൽ പഞ്ചായത്തിന്റെ കൈവശം ഇല്ല.

ഈ സാഹചര്യത്തിൽ ഒറിജിനൽ സോൾവെൻസി സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കി റവന്യൂ റിക്കവറി നടപടികൾ നിയമാനുസൃതം നടത്തേണ്ടതും പ്രസ്തുത നടപടിക്രമങ്ങൾ ,കേസിന്റെ

തുടർനടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-13 എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയതിൽ കുറവ്

ജി.ഒ (പി)556/2008/ധന/16.12.2008, ചട്ടം 22 എ, കെ.എസ്.ആർ 1 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്.ശമ്പള പരിധി മാറുന്നതിനനുസരിച്ച് രണ്ട് വർഷത്തിനുള്ളിൽ അഡീഷണൽ പോളിസി എടുക്കേണ്ടതാണ്.എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധനയിൽ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം തുക കുറവായാണ് ഒടുക്കിയിരിക്കുന്നത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര്/ഉദ്യോഗപേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|
| ശ്രീമതി.ജയന്തി.എസ് സെക്രട്ടറി | 48000/- | 225/- | 500/- |
| ശ്രീ.എസ്.കൃഷ്ണകുമാർ (സീനിയർ ക്ലാർക്ക്) | 27800/- | 250/- | 300/- |
| ശ്രീ.അജിത്ത് കുമാർ (ക്ലാർക്ക്) | 30700/- | 150/ | 300/- |

ഓഡിറ്റ് എൻക്വയറി നം 28 നുള്ള മറുപടിയിൽ തുക ഈടാക്കി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

# 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**<u>1) റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

22.01.2018ലെ നം (CS) എ 9-764/2019ലെ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയോ, ലൈസൻസ് ഫീസോ ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയിക്കുള്ള (7) മറുപടിയിൽ അവയിൽ നിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്.റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ,തൊഴിൽ നികുതി എന്നിവ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**<u>2) നിയമപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>**

കേരളപഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കും എന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 31 നു മറുപടി ഹാജരാക്കിയിട്ടില്ല.

1.പാലിയേറ്റിവ് കെയർ വാഹനത്തിന്റെ ഡ്രൈവർ

2.അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ പണി ഏറ്റെടുത്തിട്ടുള്ള കരാറുകാർ

3.ദേവസ്വം ബോർഡിനു കീഴിലെ സ്ഥാപനങ്ങൾ / ക്ഷേത്രങ്ങൾ എന്നിവയിലെ ജീവനക്കാർ

4.പഞ്ചായത്തിലെ കടത്തുകാരൻ

5.ABC പദ്ധതി നിർവഹിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാർ.

6.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽസ്.

7. പാർട്ട് ടൈം ലൈബ്രറിയേൻ.

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

# 1-15 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ 49,400/- രൂപയാണ് ഫോറവിലയായി ലഭിക്കാനുള്ളത്. ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ എത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-16 വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ

വസ്തു നികുതി നിർണ്ണയം, സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്,വികസനം കുറഞ്ഞത് എന്നീ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും ചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്.പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്.എന്നാൽ ആര്യനാട് പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇളവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല. ഇതിനാൽ വസ്തു നികുതി മുഖേനയുള്ള വരവിൽ കുറവ് വരാൻ സാദ്ധ്യതയുണ്ട്.

2.വസ്തു നികുതി നിർണ്ണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം , കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ

ഉൾപ്പെടുത്തി ഫോം 6 മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല.ഇതുമൂലം ഇളവുകൾ/ വർദ്ധനവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

3.സഞ്ചയയിലെ വസ്തു നികുതി ഡി.സി.ബി പത്രികൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.പോസ്റ്റിങ്ങ്, രസീത് എൻട്രി ഡാറ്റാ കറക്ഷൻ എന്നിവയിലെ പൊരുത്തക്കേടാണ് ഇതിനു കാരണം. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

4.ഒരേ ആവശ്യത്തിനായി പണിത കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ പ്രത്യേകം കെട്ടിടങ്ങളായി നമ്പറിട്ട് വസ്തു നികുതി നിർണ്ണയിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 3 (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേസമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് അവയെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നമ്പർ നൽകേണ്ടത്.സഞ്ചയ പരിശോധിച്ചതിൽ ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കപ്പെട്ടതിൻ പ്രകാരം ഒരേ ആവശ്യത്തിനായി പണിത കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ പ്രത്യേകം കെട്ടിടങ്ങളായി നമ്പറിട്ട് വസ്തു നികുതി നിർണ്ണയിച്ച് നൽകുന്നതിനാൽ നികുതിയിൽ കുറവ് സംഭവിക്കുന്നു.

# 1-17 ബിൽഡിംഗ് പെർമിറ്റ് -കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

1. തദ്ദേശ സ്വയംഭരണ വകുപ്പ് 2/12/15-ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ ആര്യനാട് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. നമ്പറിംഗിനായി അപേക്ഷിച്ചിട്ടുള്ള ഫയലിൽ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട അപേക്ഷയോ മറ്റു വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത് ക്രമവൽക്കരിക്കുന്നതിനും സഹായകരമായിരിക്കും എന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല.

2.സങ്കേതം, സഞ്ചയ സോഫ്റ്റ്‌വെയറുകൾ സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീ അടച്ച രസീത് നമ്പർ മാന്വലായിട്ടാണ് എൻട്രി വരുത്തുന്നത്.

3.മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ KPBR Violation detect ചെയ്യുന്നതിന് സംവിധാനമുണ്ടെങ്കിലും അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്‌വെയറിൽ self detection സംവിധാനമില്ല.

4.പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ് . ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല. കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തിയിട്ടില്ല.

<u>5.അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം - ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.</u>

അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണ ചട്ടങ്ങൽ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണ്.

എന്നാൽ തിരഞ്ഞെടുത്ത, നമ്പറിംഗിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിയ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

ഉദാഹരണങ്ങൾ

| ക്രമ നം. | പേര് | കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ തീയതി | അംഗീകൃത പെർമിറ്റിൽ നിന്നും അധികമായി അനുവദിച്ച വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ജിഷ്ണ ചന്ദ്രകമലം, കൊട്ടേല.പി.ഒ | 6/94 | A3 5002/17 dt.20.3.2017 | 6.28 |
| 2 | മുഹമ്മദ് ഷഫീക്ക് ആഷിക്ക് മൻസിൽ | 16/427 | A3-1614 dt 19.3.18 | 3.72 |

# 1-18 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല

1) സ്ഥാപനം ട്രേയ്ഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ലാത്തതിനാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നൽകുന്ന ലൈസൻസ് പൂർണ്ണമായും പരിശോധിക്കുവാനായിട്ടില്ല. വാർഡടിസ്ഥാനത്തിൽ ട്രേയ്ഡേഴ്സ് ലിസ്റ്റ് പരിപാലിക്കേണ്ടതാണ്. കൂടാതെ 31.10.2017 ലെ ജി.ഒ (പി)നം 80/2017/തസ്വഭവ SRO No 674/2017 ഉത്തരവ് പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനു ദൈനംദിന വിറ്റു വരവിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണെന്നു നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

2). അസി.സെക്രട്ടറി ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. അതിനാൽ പദ്ധതിയുടെ ആനുകൂല്യം എത്രപേർക്ക് ലഭിച്ചുവെന്നു വ്യക്തമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിതരണ രജിസ്റ്റർ പരിപാലിക്കുകയാണെങ്കിൽ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരെ അതിൽ നിന്നും കണ്ടെത്തി ഒഴിവാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 1-19 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല -പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ഗുരുതരമായ അപാകതകൾ

29.01.2018-ലെ സ.ഉ (കൈ)നം. 11/2018 തസ്വഭവ ഖണ്ഡിക 11.3(14) പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിനു ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ എന്നിരിക്കെയും സാമാന സ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുവെങ്കിൽ പ്രസ്തുത പ്രോജക്ടിനു വേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ എടുക്കേണ്ടതാണെന്നിരിക്കെ, പഞ്ചായത്തിൽ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)എന്ന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃലിസ്റ്റിൽ 82 കുഞ്ഞുലക്ഷ്മി,പുറുത്തിപ്പാറ എന്ന ഗുണഭോക്താവ് 2019-20 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ക്രമനമ്പർ 84-മതായിരിക്കുന്നു.ഇത്തരത്തിൽ അപാകതകളുള്ള ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് അംഗീകരിച്ചത് അംഗീകരിക്കാവുന്നതല്ല.

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018) ഗ്രാമപഞ്ചായത്ത് കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയ ശേഷം മാത്രമേ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂവെന്നും സമാനസ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനു വേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ എടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും ഗ്രാമപ്പഞ്ചായത്ത് പാലിച്ചിട്ടില്ല.

മേൽ ഉത്തരവ് പ്രകാരം അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം. ഭരണസമിതി അംഗീകരിച്ച തദ്ദേശഭരണസ്ഥാപന മുൻഗണനാ ലിസ്ററ് ഗ്രാമ/വാർഡ് കേന്ദ്രങ്ങളിൽ ജനകീയ പരിശോധനയ്ക്കായി ലഭ്യമാക്കണം. ഇവ നിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 27/30.08.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ്റമറ്റ വിധത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വാങ്ങൽ നടപടികളിൽ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെട്ടില്ല – അധിക ചെലവ് -97595/- രൂപ

കമ്മ്യൂണിറ്റി ഹാളിന് പാത്രങ്ങൾ, ഫർണിച്ചർ, പമ്പ് സെറ്റ് എന്നിവക്കായി നടത്തിയ വാങ്ങലുകൾ മറ്റു ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ, കാരണം രേഖപ്പെടുത്താതെ കൂടിയ

നിരക്കിലുള്ളവ വാങ്ങിയതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖ 3-1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

# 1-21 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്ന തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ്, LED തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിങ്ങനെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് 5247039/- രൂപ ചെലവ് ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ ചെലവുരേഖകളും സൂക്ഷിപ്പ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഉള്ള ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

പഞ്ചായത്ത് പ്രദേശത്ത് കഴിഞ്ഞ വർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതും നടപ്പുവർഷം സ്ഥാപിച്ചതുമായ തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പൂർണ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മീറ്റർ ഘടിപ്പിച്ചിട്ടുള്ളവയുടെയും, മീറ്റർ ഘടിപ്പിക്കാൻ അവശേഷിക്കുന്ന പോസ്റ്റുകളുടെയും മറ്റ് അടിസ്ഥാന വിവരങ്ങളുടെയും കൃത്യമായ ഡാറ്റ പഞ്ചായത്തിൽ ലഭ്യമല്ല. തെരുവു വിളക്കുകളുടെയും, ഇലക്ട്രിക് പോസ്റ്റുകളുടെയും വിവരങ്ങൾ KSEB ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

<u>2. വാങ്ങിയ LED ലൈറ്റുകളുടെ ഉപയോഗ വിതരണ സൂക്ഷിപ്പ് രേഖകളില്ല.</u>

SO 185/19, SO 186/19 എന്നീ രണ്ടു പദ്ധതികളിലായി 799900 രൂപ ചെലവഴിച്ച് 361, LED ലൈറ്റുകളുള്ള തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തി സ്ഥാപിച്ചതിന്റെയും രേഖകൾ സൂക്ഷിച്ചിട്ടില്ല. KSEB സൂപ്പർ വിഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവ തിരികെ ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമല്ല. ചില വാർഡുകളിലെ മെമ്പർമാർ തങ്ങളുടെ വാർഡിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ പേപ്പറുകളാണ് പരിശോധനയ്ക്ക് നൽകിയിട്ടുള്ളത്.

മേൽ പരാമർശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഓഡിറ്റ് എൻക്വയറി 32 നുള്ള മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ സാമഗ്രികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലന ചുമതലയുള്ള വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, മരാമത്ത് പ്രവൃത്തികളും ഊർജവും എന്ന വർക്കിംഗ് ഗ്രൂപ്പും ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ നൽകി പരിഹാരം കണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധിക അളവിൽ എർത്ത് ഫില്ലിങ്ങ് നൽകിയതുമൂലം മൂലം അധികച്ചെലവ് 11,121/- രൂപ

മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധിക അളവിൽ എർത്ത് ഫില്ലിങ്ങ് നൽകിയതു മൂലം അധികച്ചെലവ് 11121/- രൂപ ഉണ്ടായി വിശദാംശങ്ങൾ ഖ 3-2ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-23 മരാമത്ത് പ്രവൃത്തികൾ-subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല- അധികച്ചെലവ്-3519/-രൂപ

മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാൽ അധികച്ചെലവ്-3519/-രൂപ ഉണ്ടായി. വിശദാംശങ്ങൾ ഖ 3-3 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-24 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

ആകെ 5642015/- രൂപയുടെ അടങ്കലിൽ ഔഷധസസ്യകൃഷി, ജൈവസമൃദ്ധി, ഹരിതഭവനം, കിണർ റീച്ചാർജിംഗ്, വാഴകൃഷി, പച്ചക്കറികൃഷി, രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റൽ തുടങ്ങിയ പദ്ധതികളാണ് 2018 – 19 വർഷം കൃഷി ഓഫീസർ നിർവ്വഹിച്ചത്. പദ്ധതികളിൽ ചുവടെച്ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

1. എക്സ്പന്റീച്ചർ റിപ്പോർട്ട് പ്രകാരം 5642015/- രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 1000730/- രൂപ മാത്രമേ ചെലവ് ചെയ്തുള്ളൂ. 17.74% മാത്രമാണ് ആകെ ചെലവ്.

2. ആകെയുള്ള 16 പദ്ധതികളിൽ കിണർ റീച്ചാർജിംഗ് (പട്ടിക ജാതി), വാഴകൃഷി, തെങ്ങ്, കവുങ്ങ് കൃഷി, ഇടവിളകൃഷി, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, നെൽക്കൃഷി വികസനം എന്നീ ആറ് പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

3. a)

| | |
|---|---|
| പദ്ധതി | ജലശ്രീ - കിണർ റീചാർജിംഗ് |
| പദ്ധതി നമ്പർ | S0054 |
| അടങ്കൽ | 1600000 |
| ഫണ്ടിനം | (720000/- രൂപ – പൊതുവിഭാഗം സാധാരണ വിഹിതം<br>288000/- രൂപ – ബ്ളോക്ക് പഞ്ചായത്ത്<br>432000/- രൂപ – ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 25200 |
| ബിൽ നം/ തീയതി | 9/18-19, 25.03.2019 |

11.04.2018 ന് അംഗീകാരം ലഭിച്ച മേൽ പദ്ധതി ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സംയുക്തപ്രോജക്ട് ആയിരുന്നു.

b) 200 കുടുംബങ്ങൾക്ക് വേണ്ടി വിഭാവനം ചെയ്ത പദ്ധതി ആകെ ഏഴ് കുടുംബങ്ങളിൽ മാത്രമേ നടപ്പാക്കിയുള്ളൂ. 1600000/- രൂപ അടങ്കൽ വച്ച പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 25200/- രൂപ മാത്രമാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 1.57% മാത്രമാണ് ചെലവ്.

c) ഒരു യൂണിറ്റിന് പരമാവധി 7200/- രൂപ സബ്സിഡി ഉള്ള പദ്ധതിയിൽ3600/- രൂപയാണ് ഗ്രാമപഞ്ചായത്ത് വിഹിതം. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ചെലവ് കണക്കാക്കിയാണ് ഈ തുക ഗുണഭോക്താവിന് കൈമാറേണ്ടത്. എന്നാൽ ചുവടെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ, കൃഷി അസിസ്റ്റന്റിന്റെ ശുപാർശ, കൃഷി ഓഫീസറുടെ ഉത്തരവ് എന്നിവ കൂടാതെയാണ് സബ്സിഡി തുക കൈമാറിയത്.

| | |
|---|---|
| 1 | ശിവൻകുട്ടി പി. |
| 2 | ഷജീലാബീഗം |
| 3 | ലെനിൻ |
| 4 | പ്രശാന്ത് കെ. വി. |
| 5 | നിർമ്മല ജി. |
| 6 | കോമളം ജി. |

d) പദ്ധതി രൂപീകരണ ഫോറത്തിലെ ഖണ്ഡിക 44 പ്രകാരം കിണർ റീചാർജിംഗ് ചെയ്യുന്ന ഘട്ടം, വാല്യുവേഷൻ എന്നിവ മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഈ പദ്ധതിയിൽ മോണിറ്ററിംഗ് നടന്നിട്ടില്ല.

4. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾത്തന്നെ 'എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണം.'ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

5. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 13.1 പ്രകാരം "പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല.

6) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 7.1 (എ)യിലെ ബി) (2) പ്രകാരം ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. ഈ ലക്ഷ്യം കൈവരിക്കാൻ നിർണയിച്ചിരിക്കുന്ന വിവിധ ഘട്ടങ്ങളുടെ വിശദാംശം ആവശ്യപ്പെട്ട് കൊടുത്ത ഓഡിറ്റ് എൻക്വയറി നം. 21/26.09.2019 ന് ഇത്തരം ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചത് എന്ന് മറുപടി തന്നിട്ടുണ്ടെങ്കിലും വ്യക്തമായ രൂപരേഖ ലഭ്യമാക്കിയിട്ടില്ല.

7. മേൽ ഉത്തരവിന്റെ ഖണ്ഡിക 7.1 (എ) യിലെ (10) പ്രകാരം കാർഷിക പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം. അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം 21/26.09.2019 ന് തരിശുഭൂമി കൃഷി ചെയ്യുമ്പോൾ നിലം ഒരുക്കിയത് MGNREGS ആണെന്ന് മറുപടി നലികിയിട്ടുണ്ട്. കൂടുതൽ പദ്ധതികൾക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വന്യജീവികളുടെ ആക്രമണത്തിൽ വിളനശിക്കുന്നത് അതീവ ഗുരുതര പ്രശ്നമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് ചുവടെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. അടങ്കൽ തുക പൂർണമായി ചെലവഴിക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

2. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത്ഭരണസമിതി എന്നിവ പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം കൃത്യമായി മോണിറ്ററിംഗ് നടത്തുക.

3. പദ്ധതിയുടെ ഗുണം ഏറ്റവും അർഹരായവർക്ക് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുക.

4. നിശ്ചിത കാലാവധിക്കുള്ളിൽ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ആവശ്യമായ രൂപരേഖ തയ്യാറാക്കുക.

# 1-25 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല-ആസ്തി പഞ്ചായത്തിന്റേതാണെന്നുറപ്പു വരുത്താതെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നു.

1. 18-19ലെ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ആസ്തി രജിസ്റ്ററിൽ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ ആസ്തി യുണീക്ക് നമ്പർ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതായി കണ്ടു.

2018-19ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ട തും നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകൾക്ക് പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ ആസ്തി യൂണീക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖണ്ഡിക 32,35,36)ഉൾപ്പെടുത്താതെയാണ് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയിട്ടുള്ളത്.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | റോഡിന്റെ പേര് | അടങ്കൽ തുക | ആസ്തിയുണീക്ക്നമ്പർ |
|---|---|---|---|
| S280/18-19 | കാനക്കുഴി ആത്തിയറ റോഡ് | 159737 | ലഭ്യമാക്കിയില്ല |
| SO 203/18-19 | കടുക്കോട് ഓണംകോട് റോഡ് | 226839 | |
| SO 281/19 | പഴയചന്ത മൈലണിക്കോണം റോഡ് | 283286 | |

2. ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താത്ത ആസ്തി യൂണീക്ക് നമ്പർ ഉൾപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ നടത്തുന്നു.

2018-19ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ടതും നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകളുടെ ആസ്തി യൂണീക്ക് നമ്പർ -പ്രോജക്ട് ഫോറത്തിൽരേഖപ്പെടുത്തിയിട്ടുള്ളത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയവയല്ല.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | റോഡിന്റെ/പ്രവൃത്തിയുടെ പേര് | ആസ്തി യുണീക്ക് നമ്പർ | ചെലവായ തുക |
|---|---|---|---|
| SO224/18-19 | പന്നിക്കാല നടപ്പാത കോൺക്രീറ്റ് | 12500100500000003 | 385762 |
| SO227/18-19 | വിരിപ്പനി-മാവ് നിന്ന കുഴി റോഡ് ടാറിങ്ങ് | 12551005000000011 | 447370 |
| SO 131/18-19 | കത്തുക്കുഴി തടം കോൺക്രീറ്റ് | 12601005000000118 | 349007 |
| SO085/18-19 | കുരുവിയോട് - പത്തായക്കുന്ന് റോഡ് | 12600010010000002 | 459349 |

ഫലത്തിൽ നിലവിലുള്ളതും മരാമത്ത് പ്രവൃത്തികൾ അംഗീകാരം നേടി നടപ്പാക്കുന്നതുമായ റോഡ്/ റോഡിതര ആസ്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന് ഉറപ്പ് വരുത്താതെയും പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ ഉൾപ്പെടുത്താതെയുമാണ് പ്രവൃത്തി അംഗീകാരം നേടി പൂർത്തിയാക്കുന്നത്. പ്രസ്തുത റോഡുകളുടെ ആസ്തി യുണീക്ക് നമ്പർ വിവരങ്ങൾ ഉൾപ്പെടുത്താത്തതു സംബന്ധിച്ച **ഓഡിറ്റ് എൻക്വയറി** 17 ന് മറുപടിയായി, ആസ്തി രജിസ്റ്റർ കാലികമാക്കുന്ന നടപടി ഉടനെ പൂർത്തിയാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.ജി.ഒ (എം എസ്) 72/2017- പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖ.13.6 മരാമത്തു പ്രവൃത്തികൾ നടത്തുമ്പോൾ റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന്പ്രത്യേക ആസ്തി സംരക്ഷണ സമിതി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്.നിലവിലുള്ള ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിമരാമത്ത് പ്രവൃത്തികൾ അംഗീകാരത്തിന് നൽകുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായആസ്തി സംബന്ധിച്ച വിവരങ്ങൾ(പ്രോജക്ട് ഫോറം ഖ 32,35,36)ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾക്കു വേണ്ടി ത്തന്നെയാണ്ഫണ്ട് ചെലവാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-26 ലൈഫ് മിഷൻ പദ്ധതിയ്ക്കായുള്ള മെറ്റീരിയൽ ഉല്പ്പാദന യൂണിറ്റ് - നിശ്ചലാവസ്ഥ മാറ്റുവാൻ നടപടി എടുക്കണം

പഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് ആവശ്യമായ സിമന്റ് കട്ടകൾ ലഭ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും ചേർന്ന് വലിയകലുങ്ക് വാർഡിൽ ചേരപ്പള്ളി എന്ന സ്ഥലത്ത് 14.03.2019 ന് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികൾ ലൈഫ് ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരം നൽകേണ്ടതും ഹാൻഡ്ലിംഗ് ഇനത്തിൽ കട്ട ഒന്നിന് 10 രൂപ ഈടാക്കാവുന്നതുമാണ്. ഇത്തരത്തിൽ

പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും അർഹമായ കൂലിയും ഒപ്പം അസംസ്കൃത വസ്തുക്കളും നൽകേണ്ടത് ഗ്രാമപഞ്ചായത്താണ്. കൂടാതെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ആവർത്തന ചെലവുകളും ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി പ്ലാറ്റ് ഫോം ഒരുക്കുന്നതിലേയ്ക്കായി1,10,000/- രൂപയും, അച്ചുകൾക്കായി 35000/- രൂപയും അസംസ്കൃത സാമഗ്രികൾക്കായി 64336/- രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. ഉപയോഗയോഗ്യമായ 40x20x15 അളവിലുള്ള 1180 കട്ടകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. നിർമ്മാണ ഘട്ടത്തിൽ തന്നെ ലൈഫ് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും 5 പേർക്ക് 200 കട്ടകൾ വീതം നൽകുവാൻ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. എന്നാൽ നാളിതു വരെ 100 കട്ടകളാണ് ചെലവ് വന്നിട്ടുള്ളത്. ഗുണമേൻമയുള്ള കട്ടകളാണെങ്കിലും ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ തയ്യാറാവാത്തതിന് പ്രധാന കാരണം കടത്തു, കയറ്റിറക്കു കൂലി എന്നിവ ഭാരിച്ചതിനാലാണ്. നിർമ്മാണ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത് ഗതാഗത സൗകര്യമില്ലാത്ത ദുർഘടം പിടിച്ച സ്ഥലത്താണ്. ആയതിനാൽ കുടുംബശ്രീയിൽ അടവാക്കുന്ന തുകയും വാഹന കയറ്റിറക്കു കൂലിയും ഉൾപ്പെടെ നിലവിൽ മാർക്കറ്റ് നിരക്കിനെക്കാൾ കൂടുതൽ തുക ഒരു കട്ടയ്ക്ക് ഗുണഭോക്താവിന് വഹിക്കേണ്ടി വരുന്നു. നിലവിൽ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിലെ പിഴവാണ് ഇതിന് കാരണമായിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിന്റെ ഓഡിറ്റിന്റെ ഭാഗമായുള്ള എക്സിറ്റ് മീറ്റിംഗിൽ ഓഡിറ്റ് വിഭാഗം മേൽ വിലയിരുത്തലുകൾ ഭരണസമിതിയെ അറിയിച്ചിട്ടുണ്ട്. 24.09.2018 ലെ സ.ഉ.(കൈ)നം.137/2018/ ത.സ്വ.ഭ.വ പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ,നിലവിൽ ചെലവാക്കിയ തുക പാഴായി പോകാതിരിക്കാനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

# 1-27 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായ ആടുവളർത്തൽ പദ്ധതിയിലെ അപാകങ്ങൾ

2018 -19 വർഷം വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികളിൽ ചുവടെച്ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

| | |
|---|---|
| പദ്ധതി | ആട് വളർത്തൽ (എസ്.ടി. വനിത) |
| പദ്ധതി നമ്പർ | S071 |
| അടങ്കൽ | 112000/- രൂപ |
| ഫണ്ടിനം | ടി എസ് പി |
| ചെലവ് | 112000/- രൂപ |
| ബിൽ നം/തീയതി | 11/18 -19 -12.12.2018, 80,000/-<br>18/18 -19 -30.01.2019, 32,000/- |

ഈ പദ്ധതിയിൽ ആകെ ഏഴ് പേർക്കാണ് ആടിനെ കൊടുത്തിരിക്കുന്നത്. ഇതിൽ ഗുണഭോക്താക്കളായ ശ്രീമതി. സുമലത ആർ.എസ്, ശ്രീമതി. പ്രഭ.എസ്, എന്നിവരുടെ മേൽവിലാസം ബിനു ഭവൻ, പിണറുംമൂട്, തേവിയാരുകുന്ന്, പറണ്ടോട് പി.ഒ. ആണ്. കൂടാതെ ശ്രീമതി സുമലത ആർ എസ് ആട് വാങ്ങിയത് ശ്രീമതി രാധയിൽ നിന്നാണ്. ആധാർ പ്രകാരം

ശ്രീമതി രാധ ശ്രീ സുകുമാരൻ കാണിയുടെ ഭാര്യയാണ്. എസ് ടി സർട്ടിഫിക്കറ്റ് പ്രകാരം ശ്രീമതി. സുമലത ആർ.എസ്. ശ്രീ. സുകുമാരൻ കാണിയുടെ മകളാണ്. ശ്രീമതി. പ്രഭ. എസ്. ആട് വാങ്ങിയത് ശ്രീ. സുജകുമാർ എസ്. ൽ നിന്നാണ്. ആധാർ പ്രകാരം ശ്രീ. സുജകുമാർ എസ്. ആകട്ടെ ശ്രീ. സുകുമാരൻ കാണിയുടെ മകനാണ്. ഇത്തരത്തിൽ ഒരേ കുടുംബത്തിൽ ഉള്ളവർ തമ്മിൽ ആട് കൈമാറ്റം നടന്നതിനാൽ ക്ഷീരസമ്പത്ത് വർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ശ്രീമതി. സുമലത ആർ.എസ്, ശ്രീമതി. പ്രഭ. എസ്. എന്നിവരുടെ റേഷൻ കാർഡ് നമ്പർ വ്യത്യസ്തമാണെന്നും അതിനാൽ പ്രത്യേക കുടുംബമായി പരിഗണിക്കുന്നുവെന്നും ശ്രീ. സുകുമാരൻ കാണി എന്ന പേര് ഒന്നിലധികം ആളുകൾക്ക് ഉണ്ടാകാമെന്നും മറുപടി നല്കിയിട്ടുണ്ട്. പദ്ധതികൾ ഇത്തരത്തിൽ നടപ്പാക്കിയാൽ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് കഴിയില്ല. ഭാവിയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഏറ്റവും അർഹതയുള്ളവർ ഗുണഭോക്താക്കൾ ആകാനും ക്ഷീരസമ്പത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 13.1 പ്രകാരം "പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതിന്റെ ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾത്തന്നെ 'എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണം.'ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4) ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കിട്ട അപേക്ഷകളോ അവയിൽ നിന്ന് മുൻഗണനാടിസ്ഥാനത്തിൽ പഞ്ചായത്തുതല ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന്റെ രേഖകളോ ലഭ്യമല്ല. അതിനാൽ ഏറ്റവും അർഹരായവരാണ് ഗുണഭോക്താക്കളായത് എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/ തസ്വഭവ ഖണ്ഡിക 7.2 (1) പ്രകാരം പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നതായിരിക്കണം പദ്ധതികളുടെ ലക്ഷ്യം. ഇതനുസരിച്ചാണോ പദ്ധതികൾ വിഭാവനം ചെയ്തതെന്നും സ്വയംപര്യാപ്തത നേടുന്നതിനായി നിർണയിച്ചിരിക്കുന്ന വിവിധ ഘട്ടങ്ങളും അവയുടെ ലക്ഷ്യങ്ങളും അവ കൈവരിക്കാൻ ഉള്ള മാർഗ്ഗങ്ങളും വിശദീകരിക്കാനും ആവശ്യപ്പെട്ടു നൽകിയ എൻക്വയറി നം. 29/27.09.2019 ന് പശു, എരുമ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നത് ഡയറി എക്സ്റ്റൻഷൻ ഓഫീസർ ആണെന്നും ആട്, കോഴി എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനം ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-28 ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാകുന്നില്ല- ചെലവുശതമാനം ആശങ്കാജനകം

ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്കായുള്ള അടങ്കൽ തുകയും ചെലവു തുകയും തമ്മിൽ കഴിഞ്ഞ

നാലു സാമ്പത്തിക വർഷങ്ങളിൽ വിലയിരുത്തുമ്പോൾ ചെലവു ശതമാനം തുടർച്ചയായി കുറഞ്ഞുവരുന്നതായി കാണുന്നു.

| സാമ്പത്തിക വർഷം | അടങ്കൽ തുക | ചെലവു തുക | ചെലവ് ശതമാനം |
|---|---|---|---|
| 2015-16 | 76852777 | 50988275 | 66.34% |
| 2016-17 | 93255855 | 31802374 | 34.10% |
| 2017-18 | 121756217 | 51984314 | 42.69% |
| 2018-19 | 298002184 | 82675485 | 27.74% |

പദ്ധതി അടങ്കലും ചെലവും തമ്മിലുള്ള മേൽ പരാമർശിച്ച പ്രകാരമുള്ള അന്തരം വരും വർഷങ്ങളിൽ ഇല്ലാതാക്കുവാൻ താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ നൽകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും തയ്യാറാവേണ്ടതാണ്.

- ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പദ്ധതികൾക്ക് രൂപം നൽകേണ്ടത്.
- ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണം.
- സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കുവാൻ കഴിയുംവിധം പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.
- ഗുണഭോക്തൃ വിഹിതം ആവശ്യമുള്ള പദ്ധതികളിൽ പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തേണ്ടതാണ്.

# 1-29 അങ്കണവാടികളിലെ സൗകര്യം ഒരുക്കുന്നതിൽ ഗുരുതര വീഴ്ച

കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായ അങ്കണവാടികൾ പഞ്ചായത്തിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യം | സൗകര്യം അപര്യാപ്തമായ സ്ഥാപനം |
|---|---|
| കുടിവെള്ളം | പാലയ്ക്കൽ |
| വൈദ്യുതി | നെല്ലിക്കാട്, മാങ്ങോട്ടുകോണം, ചെമ്പനാംകോട് |
| ചുറ്റുമതിൽ | ചെട്ടിക്കോണം, നെല്ലിക്കാട് |

02.06.2017 ലെ സർക്കാർ ഉത്തരവ് നം 1830/2017/തസ്വഭവ ഖണ്ഡിക 3.3.2 പ്രകാരം അങ്കണവാടികളുടെ മേൽനോട്ടം,വിവിധ പദ്ധതികളുടെ നിർവ്വഹണവും അങ്കണവാടികളുടെ ശരിയായ പ്രവർത്തനവും ഉറപ്പുവരുത്തൽ, ഭാവിയിലെ വികസനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കൽ, അറ്റകുറ്റപ്പണികൾക്കാവശ്യമായ പദ്ധതി തയ്യാറാക്കൽ, ഭൗതികസാഹചര്യങ്ങളിലെ കുറവ് പരിഹരിക്കൽ, ആധുനികീകരണം, പോഷകാഹാര പദ്ധതി നടപ്പാക്കൽ, പ്രീ സ്കൂൾ വിദ്യാഭ്യാസം, അങ്കണവാടി സ്റ്റാഫിന്റെ കാര്യശേഷിയും ഫലപ്രാപ്തിയും നിരീക്ഷിക്കൽ എന്നിവ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അപര്യാപ്തത പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-30 ജാഗ്രതാ സമിതി - ഫർണിച്ചർ വാങ്ങൽ- സ്റ്റോർ പർച്ചേഴ്സ് മാന്വലിന് വിരുദ്ധം

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | S0012/18-19 |
| 2 | അടങ്കൽ തുക | 50,000/- |
| 3 | ചെലവ് തുക | 50,000/- |
| 4 | ഫണ്ടിനം | വികസന ഫണ്ട് |
| 5 | ബിൽ നം. & തീയതി | 21/18-19 തീയതി 11.03.19<br>27/18-19 തീയതി 25.03.19 |

ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം പ്ലാസ്റ്റിക്ക് കസേര (36എണ്ണം) സ്റ്റീൽ മേശ (1) എന്നിവ ശ്രീദുർഗ്ഗ സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി ഫയലിന്റെ പരിശോധനയിൽ ഉപകരണങ്ങൾ വാങ്ങിയതിന് ക്വട്ടേഷൻ ക്ഷണിച്ചതായുള്ള രേഖകൾ ഒന്നും ലഭ്യമല്ല. ഇത് സംബന്ധിച്ച് 19.9.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.8 ന് പദ്ധതി ചെലവ് തുക 50,000/- രൂപ ആയതിനാലാണ് ടെണ്ടർ ക്ഷണിക്കാതെ മൂന്ന് ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.സ്റ്റോർ പർച്ചേഴ്സ് മാന്വൽ 2013,ഖ.7.5 പ്രകാരം ടെണ്ടർ/ക്വട്ടേഷൻ ആവശ്യമില്ലാത്തത് 15,000/- രൂപ വരെയുള്ള പെറ്റി പർച്ചേഴ്സിന് മാത്രമാണ്. സർക്കാർ ഉത്തരവിന് വിധേയമായി വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് കെയർ പദ്ധതി മരുന്ന് വാങ്ങൽ- 2,67,004/-രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നം | 25/18-19 |
| 2 | അടങ്കൽ തുക | 6,80,000/-, മരുന്ന് വാങ്ങൽ |
| 3 | ചെലവ് തുക | 6,80,000/- |
| 4 | ഫണ്ടിനം | വികസന ഫണ്ട് |
| 5 | ബിൽ നം. & തീയതി | 13/18-19 തീയതി 31.10.18<br>16/18-19 തീയതി 7.11.18<br>21/18-19 തീയതി 22.12.18<br>22/18-19 തീയതി 7.1.19<br>23/18-19 തീയതി 11.1.19 |
| | നിർവഹണം | മെഡിക്കൽ ഓഫീസർ |

2018-19 സാമ്പത്തിക വർഷത്തെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം 6,80,000/- രൂപയുടെ മരുന്ന് ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും വാങ്ങുന്നതിന് തുക ചെലവ് വന്നിട്ടുണ്ട്.

(1) ഇൻ ഹൗസ് ഡ്രഗ് ബാങ്ക് -2,09,510/-രൂപ

(2) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി- 4,70,490/- രൂപയുടെ മരുന്നിന് ഇൻവോയിസ് നൽകിയിട്ടുള്ളതിൽ ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(ഇൻവോയിസ് നം.15387 തീയതി 08.07.2019-1,21,995/-

ഇൻവോയിസ് നം.15953 തീയതി 11.07.2019-66,276/-

ഇൻവോയിസ് നം.20884തീയതി 07.08.2019-15,215/-)

കിട്ടാനുള്ള മരുന്നുകളുടെ വിവരം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വഷണക്കുറിപ്പിന് (18/23.09.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.ഇൻ ഹൗസ് ഡ്രഗ് ബാങ്കിൽ നിന്നും മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടുണ്ട്.എന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും 2,67,004/- രൂപയുടെ മരുന്ന് ലഭ്യമാകാനുണ്ട്.ബാക്കി മരുന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ) നം. 3217/2015 ത.സ്വ.ഭ.വ തീയതി, 29.10.2015 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിയേറ്റീവ് കെയർ പരിചരണത്തിൽ പാലിക്കുന്നില്ല.

1. ഖണ്ഡിക 2.2.2 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി അലോപ്പതി, ആയുർവേദ, ഹോമിയോ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘടനകളുടെ പ്രതിനിധികൾ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ, കുടുംബശ്രീ സി.ഡി.എസ് ഭാരവാഹികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത യോഗം വിളിച്ചു ചേർക്കാത്തതുകാരണം 2018 – 19 ലെ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യാൻ കഴിഞ്ഞില്ല.

2. ഖണ്ഡിക 2.3.2. പ്രകാരം 2018 -19 സാമ്പത്തിക വർഷത്തിനു മുമ്പ് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, രണ്ട് ജനപ്രതിനിധികൾ (ഒരു വനിത), കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി മെമ്പർ സെക്രട്ടറി,ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ളോക്ക്/ ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ഹോംകെയർ ടീമിലെ രണ്ട് സന്നദ്ധ പ്രവർത്തകർ, മെഡിക്കൽ ഓഫീസർ (ഹോമിയോ ആശുപത്രി), മെഡിക്കൽ ഓഫീസർ ( ആയുർവേദ ആശുപത്രി), പാലിയേറ്റീവ് കെയർ നഴ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും മേൽ പ്രതിപാദിച്ചതിൽ എല്ലാവരും ഇതിൽ ഉൾപ്പെട്ടിട്ടില്ല.

3. ഖണ്ഡിക 2.3.2 പ്രകാരം രൂപീകരിച്ച പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

4. പാലിയേറ്റീവ് കെയർ ആവശ്യമുള്ള വ്യക്തികളുടെ പേരുകളടങ്ങിയ നോമിനൽ രജിസ്റ്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല (ഖണ്ഡിക 2-5-6)

5. ഖണ്ഡിക 2.6.2 (4),(5),(6) എന്നിവ പ്രകാരം ആയുർവേദ, ഹോമിയോ ചികത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാരീതികളുമായി ബന്ധപ്പെട്ട ചികിത്സ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നില്ല.

6. ഗൃഹസന്ദർശന ഷെഡ്യൂളിന്റെ പകർപ്പ് ഗ്രാമ / വാർഡ് കേന്ദ്രങ്ങളെ അറിയിക്കുകയും അവിടത്തെ നോട്ടീസ് ബോർഡുകളിൽ പതിക്കുകയും ചെയ്യുന്നില്ല. [ഖ.2-6-3 (2) ]

7. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ പൊതുസമൂഹത്തിന്റെ സഹായത്താൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല (ഖ.2-6-8).

8. ഖണ്ഡിക 2.6.12 പ്രകാരം നിർദ്ദേശിക്കുന്ന തൊഴിൽപരമായ പുനരധിവാസത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

9. ബോധവത്ക്കരണത്തിനായി വാർഷിക സംഗമം നടത്തിയില്ല (ഖ.2-6-13).

10. പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല (ഖ.2-7-2).

11. ഖണ്ഡിക 2.1.3, 2.11.4, 2.11.5 എന്നിവ പ്രകാരം വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ പാലിയേറ്റീവ് കെയർ പദ്ധതി മോണിറ്ററിംഗ് മെച്ചപ്പെടുത്തേണ്ടതാണ്.

12. ഖണ്ഡിക 5.1 പ്രകാരം സംഘടനകളുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ഖണ്ഡിക 2.6.5 (v) പ്രകാരം 30.06.2007 ലെ സക്കാർ ഉത്തരവ് (എം എസ്) നം 170/07/തസ്വഭവ അനുസരിച്ചാണ് വാഹനം പരിപാലിക്കേണ്ടത്. മേൽ ഉത്തരവ് കൃത്യമായി പാലിക്കുന്നില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3/18.09.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനങ്ങളിലെ അപാകങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ട് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കേണ്ടതാണ്.

# 1-33 ഫിസിയോതെറാപ്പി ഉപകരണങ്ങൾ - ഫിസിയോതെറാപ്പിസ്റ്റ് ശമ്പളം' പദ്ധതി-ലക്ഷ്യം നേടിയില്ല.

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 28/18-19 |
| 2 | അടങ്കൽ തുക | 2,00,000/- |
| 3 | ചെലവ് തുക | 20,000/- |
| 4 | ഫണ്ടിനം | വികസന ഫണ്ട് |
| 5 | ബിൽ നം. & തീയതി | 4/18-19 തീയതി 18.07.18 |
| | നിർവഹണം | മെഡിക്കൽ ഓഫീസർ |

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ-പുതുക്കിയ മാർഗ്ഗ രേഖ ഖ.2.9 (എ,ബി,സി,ഡി,ഇ.എഫ്,ജി,എച്ച്) (സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ തീയതി.29.10.2015) പ്രകാരം ഫിസിയോതെറാപ്പി പരിചരണം ആവശ്യമുള്ള രോഗികളെ സി.എച്ച്.സി യിലേക്ക് റഫർ ചെയ്ത് പാലിയേറ്റീവ് യൂണിറ്റിലെ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതും ബി.പി.റ്റി (ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി) പാസ്സായിട്ടുള്ള ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗപ്പെടുത്താവുന്നതുമാണ്.

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ,സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് "ഫിസിയോതെറാപ്പി ഉപകരണങ്ങൾ - ഫിസിയോതെറാപ്പിസ്റ്റ് ശമ്പളം"എന്ന പദ്ധതി.പ്രസ്തുത പദ്ധതി പ്രകാരം ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ച് കേവലം ശമ്പളം നൽകിയതിൽ മാത്രമായി പരിമിതപ്പെടുത്തുകയാണ് ചെയ്തത്.പദ്ധതിയിൽ ഉൾപ്പെടുത്തി ഫിസിയോതെറാപ്പിസ്റ്റിനെ വച്ചതിൽ രോഗികൾക്ക് യാതൊരു പ്രയോജനവും ഇല്ലായെന്ന് ആശാവർക്കർമാർ ഒന്നടങ്കം അഭിപ്രായം രേഖപ്പെടുത്തിയതായും രോഗികളുടെ അരികിൽ ചെന്ന് അവരെ സ്പർശിച്ച് ചികിത്സ ചെയ്യുന്നതിന് പകരം പറഞ്ഞ് ഫിസിയോതെറാപ്പി ചെയ്യിക്കുകയാണ് ചെയ്തതെന്ന് 30.05.2018 ൽ കൂടിയ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഇതിൽ നിന്നും പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി തുക മുഴുവനും ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കുവാനും സർക്കാർ മാർഗ്ഗ നിർദ്ദേശം കർശനമായി പാലിക്കുവാനും പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 38/18-19 |
| 2 | അടങ്കൽ തുക | 5,00,000/- |
| 3 | ചെലവ് തുക | 5,00,000/- |
| 4 | ഫണ്ടിനം | റോഡിതരം |
| 5 | ബിൽ നം. & തീയതി | 15/18-19 തീയതി 31.10.18 |
| | നിർവഹണം | മെഡിക്കൽ ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് 300000/- ചെലവായിട്ടുണ്ട്. എന്നാൽ അനുബന്ധരേഖകളോ ഫയലുകളോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയില്ല. മരുന്ന് വാങ്ങലിന്റെ രേഖകൾ/ഫയലുകൾ ഹാജരാക്കുവാൻ 23.9.2019 ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകളും ഫയലും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-35 വനിതകൾക്ക് യോഗാ പരിശീലനം പദ്ധതി -മാർഗ്ഗരേഖക്ക് വിരുദ്ധം-50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 93/18-19 |
| 2 | അടങ്കൽ തുക | 50,000/- |
| 3 | ചെലവ് തുക | 50,000/- |
| 4 | ഫണ്ടിനം | വികസന ഫണ്ട് |
| 5 | ബിൽ നം. & തീയതി | 2/18-19 തീയതി 28.3.19 |
| | നിർവഹണം | മെഡിക്കൽ ഓഫീസർ- ഹോമിയോ |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 7.5.5 സ.ഉ(കൈ) നം.22/2018/തസ്വഭവ,തീയതി 14.02.2018 പ്രകാരം വയോജനങ്ങൾക്ക് ആയുഷുമായി ചേർന്ന് യോഗപരിശീലനം നൽകാവുന്നതും ഒരു ദിവസം 400/-രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000/-രൂപ അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസോസ്സിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയോ ഉള്ളവരേയും യോഗാപരിശീലകരായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിശ്ചയിക്കാവുന്നതുമാണ് എന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്.

എന്നാൽ TTC യോഗ്യതയുള്ള സ്വകാര്യ സ്ഥാപനത്തിന്റെ (ECSTASY SCHOOL OF YOGA) ഡയറക്ടറായ ശ്രീമതി.വിജയമ്മ കൃഷ്ണനെ യോഗപരിശീലകയായി കരാർ വെച്ച് പദ്ധതി നടത്തിയിട്ടുള്ളതാണ്. പദ്ധതിയുടെ ഗുണഭക്താക്കളുടെ വിവരങ്ങൾ, അവരുടെ ഹാജർ സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും തന്നെ പദ്ധതി ഫയലിൽ ലഭ്യമല്ല. ബിരുദയോഗ്യതയെ സംബന്ധിച്ചും ഗുണഭക്താക്കളുടെ വിവരങ്ങൾക്കും 20.09.19 ൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.11 ന് പദ്ധതിയിൽ പരിശീലകനെ കണ്ടെത്തി തരാനാവശ്യപ്പെട്ടും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കുന്നതിനും കത്ത് നൽകിയതിന്റെ ഫലമായി യോഗ പരിശീലകയെ ഭരണസമിതി തീരുമാന പ്രകാരമാണ് തെരഞ്ഞെടുത്തതെന്നും (തീരുമാനം നം.V (12) തീയതി 06.02.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഹാജരാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ഹാജരാക്കാത്തതിനാലും മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്തതിനാലും 50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-36 സ്പീച്ച് ബിഹേവിയർ,ഒക്കുപേഷൻ തെറാപ്പി പദ്ധതി-മാർഗ്ഗരേഖക്ക് വിരുദ്ധം- 58,490/-രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 73/18-19 |
| 2 | അടങ്കൽ | 1,00,000/- |
| 3 | ചെലവ് | 58,490/- |
| 4 | ഫണ്ടിനം | വികസന ഫണ്ട് |
| 5 | ബിൽ നം. & തീയതി | 18/18-19 തീയതി 4.2.19<br>20/18-19 തീയതി 11.3.19<br>28/18-19 തീയതി 25.3.19 |
| | നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖ.7.1.10 [സ.ഉ. (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പീച്ച് ബിഹേവിയർ, ഒക്കുപേഷൻ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കേണ്ടതാണ്. ഓരോ സ്പെഷ്യലിസ്റ്റുകൾക്കും ഒരു സിറ്റിംഗിന് 1000/- രൂപ ക്രമത്തിൽ മൂന്ന് പേർക്ക് ഒരു മാസം രണ്ട് സിറ്റിംഗ് വീതമെങ്കിലും നൽകത്തക്കവണ്ണം തുക വകയിരുത്തി പദ്ധതി രൂപീകരിക്കേണ്ടതും യോഗ്യതയുള്ള തെറാപ്പിസ്റ്റുകളെ നിയോഗിച്ച് സെന്ററുകൾ തടസ്സമില്ലാതെ നടത്തേണ്ടതുമാണ് എന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളതെങ്കിലും അനന്തപുരി ചൈൽഡ് ഡവലപ്പ്മെൻറ് സെന്റർ എന്ന സ്വകാര്യ സ്ഥാപനം മുഖേനയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.വിഷയം സംബന്ധിച്ച് 19.09.2019 ൽ നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9 ന് പ്രസ്തുത പദ്ധതി പുതിയതായതിനാൽ 2018 ഡിസംബർ വരെ എങ്ങനെ നടപ്പിലാക്കണമെന്ന ധാരണ ഇല്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തെന്നും സമീപ പഞ്ചായത്തുകളിൽ നടപ്പിലാക്കിയതനുസരിച്ചാണ് മേൽ സ്ഥാപനത്തെകൊണ്ട് പദ്ധതി നടപ്പിലാക്കിയതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ ഗ്രാമസഭ വഴി തെരഞ്ഞെടുക്കേണ്ടതും സ്ഥാപനവുമായി കരാർ ചമക്കേണ്ടതും ചികിത്സ തേടുന്ന കുട്ടികളുടെ ഹാജറിന്റെ സുതാര്യത ഉറപ്പു വരുത്തുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുമായിരുന്നു.പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 58,490/- രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന **'നിഷ്"** ന്റെ സേവനം ഈ പദ്ധതിക്ക് പ്രയോജനപ്പെടുത്തുവാനും പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന തരത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-37 വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികൾ-ചെലവു രേഖകൾ ഹാജരാക്കിയില്ല- 407500/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

സാമ്പത്തിക വർഷത്തിൽ 9 പദ്ധതികളാണ് വി.ഇ.ഒ മുഖേന നടപ്പിലാക്കാൻ ആസൂത്രണം ചെയ്തിരുന്നത്. അടങ്കൽ തുക 4553385/- രൂപയാണ്. എന്നാൽ 942500/-ചെലവഴിച്ചിട്ടുള്ള 4 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ ചുവടെ ചേർക്കുന്നവയുടെ ചെലവു രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് സമയത്തിനു പുറമെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുശാസിക്കുന്ന സമയവും ഓഡിറ്റ് എൻക്വയറിലൂടെ നൽകിയിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ & പേര് | ചെലവ് തുക |
|---|---|
| 180/19 ലൈഫ് മിഷൻ പൂർത്തികരിക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കൽ | 4,07,500/- |

ചെലവുരേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 4,07,500/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ സംബന്ധിച്ച വിവരം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

# 1-38 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി -അപാകതകൾ

അസി.സെക്രട്ടറി നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) നൽകൽ പദ്ധതിയിൽ കട്ടിൽ വാങ്ങിയതിനു തുക നൽകിയിരിക്കുന്നതിൽ അപാകതയുണ്ട്.വിശദവിവരം **(ഖ 3 .4 കാണുക).**

# 1-39 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ നൽകി

അസി.സെക്രട്ടറി നിർവഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പദ്ധതിയിൽ 51 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ നൽകിയതു വഴി 39,525/-രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടായി **(ഖ 3.5കാണുക).**

# 1-40 പട്ടികജാതി യുവതികൾക്ക് ടൂവീലർ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -119830/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 70/2018-19 |
| ഫണ്ടിനം | എസ്.സി.പി |
| അടങ്കൽ | 300000/-രൂപ |
| ചെലവ് | 119830/-രൂപ |
| ബിൽ നം | 3/2018-19 തീയതി 30.11.2018<br>7/2018-19 തീയതി 01.01.2019<br>12/2018-19 തീയതി 21.03.2019 |

അസി.സെക്രട്ടറി നിർവഹണം നടത്തിയ പട്ടികജാതി യുവതികൾക്ക് ടൂവീലർ നൽകൽ എന്ന പദ്ധതിയുടെ ലക്ഷ്യം മെച്ചപ്പെട്ട ജീവിതത്തിനായി തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം ഗുണഭോക്താക്കളെന്നിരിക്കെ വാഹനം കൈപ്പറ്റിയവർ ഏതു പ്രവൃത്തിയാണ് ഏറ്റെടുത്ത് ചെയ്യുന്നതെന്ന് വ്യക്തമാക്കുന്ന വിവരം അപേക്ഷയോടൊപ്പമോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളും അവർക്ക് അനുവദിച്ച വാഹനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേരും മേൽവിലാസവും | വാഹനത്തിന്റെ തരം |
|---|---|---|
| 1 | രാധ.എസ്,<br>രാഹുൽഭവൻ<br>ചെറിയാര്യനാട്,ആര്യനാട് | Honda Activa 5 G Delux |
| 2 | പുഷ്പം.എസ്,വിജീഷ് ഭവൻ<br>വറുകാട്,ഐത്തി | Honda Dio Delux |
| 3 | ആശ ആനന്ദ്,സുകന്യ ഭവൻ<br>അരുകിൽ,വടക്കുംക്കര,കുറ്റിച്ചൽ | Honda Grazia Delux |
| 4 | രേവതി.ജി | Honda Dio Delux |

| | | |
|---|---|---|
| | വടക്കുംകരപുത്തൻ വീട്<br>ചെറിയാര്യനാട്, ആര്യനാട്. | |

മേൽ ഗുണഭോക്താക്കളൊന്നും തന്നെ തൊഴിൽ ചെയ്യുന്നതിനായി ലഭിച്ച വാഹനങ്ങൾ ഉപയോഗിക്കുന്നില്ല.പദ്ധതി വിഭാവനം ചെയ്തതു പോലെ മെച്ചപ്പെട്ട ജീവിതത്തിനായി തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അല്ല ഗുണഭോക്താക്കൾ.വെറും വാഹനവിതരണമായി മാത്രം പദ്ധതി ചുരുങ്ങി.

കൂടാതെ പദ്ധതി മാർഗരേഖ പ്രകാരം കോസ്റ്റ് കണക്കാക്കുന്നതിൽ പ്രവർത്തകമൂലധനവും പ്രാരംഭ ചെലവുകളും കൂടി ആസ്തികളുടെ വിലയോടൊപ്പം ഉൾപ്പെടുത്തിവേണം പദ്ധതിതുക കണക്കാക്കേണ്ടത്.എന്നാൽ ഇത്തരത്തിലല്ല ആസ്തിയുടെ വില കണക്കാക്കിയിരിക്കുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവ് ചെയ്ത 119830/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി ലക്ഷ്യം പൂർത്തികരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് രൂപം നൽകുമ്പോൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുവാനും പൊതുപണത്തിന്റെ ധൂർത്ത് ഒഴിവാക്കുവാനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-41 പട്ടികവർഗ്ഗക്കാരായ ഭിന്നശേഷിക്കാർക്ക് പെട്ടിക്കട-തുക അനുവദിച്ചിരിക്കുന്നത് ആർക്കാണെന്നു വ്യക്തമല്ല 50,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 261/18-19 |
| ഫണ്ടിനം | റ്റി.എസ്.പി |
| അടങ്കൽ | 50000/-രൂപ |
| ചെലവ് | 50000/-രൂപ |
| ബിൽ നം. | 1/2018-19 തീയതി 14.08.2018 |

അസി.സെക്രട്ടറി നിർവഹണം നടത്തിയ പട്ടികവർഗ്ഗക്കാരായ ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതിയിൽ ശ്രീമതി.രതമ്മ, തോട്ടരികത്ത് വീട്, കാരോട്ട്കാവ്, തേവിയാരുകുന്ന്, പറണ്ടോട് എന്ന വ്യക്തി അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പഞ്ചായത്തിൽ നിന്നും പെട്ടിക്കടയുടെ ആനുകൂല്യം ലഭ്യമാകുന്നതിനു അവശ്യമായ രേഖകൾ സഹിതം ഹാജരാകുവാൻ നിർദേശിച്ചു.

എന്നാൽ ടിയാൾ ഭിന്നശേഷിക്കാരിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അടുത്ത അർഹതയുള്ള ഗുണഭോക്താവായ ശ്രീമതി.ബി.കൃഷ്ണമ്മ കൃഷ്ണഭവൻ, കരിപ്പാലം, തേവിയാരുകുന്നു, മീനാങ്കൽ എന്ന വ്യക്തിയ്ക്ക് എ.ഇ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി ഉൾപ്പെടെയുള്ള വിവരങ്ങൾ മാത്രമാണ് ഫയലിൽ അവശേഷിക്കുന്നത്. എന്നാൽ ധനസഹായ തുകയായ 50,000/-രൂപ ആർക്കാണ് നൽകിയിരിക്കുന്നതെന്നോ പെട്ടിക്കട അനുവദിച്ചത് ആർക്കാണെന്നോ വ്യക്തമല്ല. ആയതിനാൽ ചെലവ് തുക 50,000/- രൂപ തടസ്സം ചെയ്യുന്നു. അനുബന്ധരേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

# 1-42 പഞ്ചായത്ത് സ്പോർട്സ് ടീം -ജഴ്സി നൽകിയതിന്റെ കൈപ്പറ്റ് രസീതു ഹാജരാക്കിയില്ല- 2587/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 22/2018-19 |
| ഫണ്ടിനം | വികസന ഫണ്ട് -പൊതുവിഭാഗം |
| അടങ്കൽ | 120000/- |
| ചെലവ് | 40130/- |
| ബിൽ നം./തുക | 2/20172 തീയതി 30.11.2018<br>6/19958 തീയതി 29.12.2018 |

അസി.സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്തിനു സ്പോർട്സ് ടീം എന്ന പദ്ധതിയുടെ ലക്ഷ്യം ക്രിക്കറ്റ്, ഫുട്ബാൾ, വോളിബാൾ, കബഡി എന്നിവയുടെ ടീം രൂപീകരിക്കുകയും പരിശീലനം നൽകുകയും, കളിക്കാരെ ബ്ലോക്ക്-ജില്ല തലങ്ങളിൽ മത്സരിപ്പിക്കുവാൻ സജ്ജരാക്കുകയെന്നതുമാണ്.

മേൽ പദ്ധതിക്കായി 54 കളിക്കാർക്കുള്ള ജഴ്സികൾ "സ്പോർട്ടസ് ലാന്റ് "എന്ന സ്ഥാപനത്തിൽ നിന്നും18.12.2018 ൽ 19958/-രൂപയ്ക്ക് വാങ്ങിയിരിക്കുന്നു. ഒരോയിനത്തിനും തെരഞ്ഞെടുത്ത കളിക്കാരുടെയും വിതരണം ചെയ്ത ജഴ്സികളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ടീം | തെരഞ്ഞെടുത്ത കളിക്കാർ | വിതരണം ചെയ്ത ജഴ്സികൾ |
|---|---|---|
| ക്രിക്കറ്റ് | 15 | 15 |
| ഫുട്ബാൾ | 15 | 9 |
| വോളിബാൾ | 11 | 12 |
| കബഡി | 11 | 11 |
| | 52 | 47 |

47 ജഴ്സികളുടെ കൈപ്പറ്റ് രസീതുകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (10) മറുപടിയിൽ ആദ്യം 47 കളിക്കാരെ തെരെഞ്ഞെടുത്തുവെന്നും ബാക്കി 7 പേരേ അതിനു ശേഷമാണ് തെരെഞ്ഞെടുത്തിരിക്കുന്നതെന്നും

അവയുടെ കൈപ്പറ്റ് രസീത് നഷ്ടപ്പെട്ടുവെന്നും ആയതു അവരിൽ നിന്നും ഒരിക്കൽകൂടി വാങ്ങി ഹാജരാക്കാമെന്നും അറിയിച്ചിരിക്കുന്നു.

52 കളിക്കാർക്ക് 54 ജഴ്സിവാങ്ങിയിരിക്കുന്നതും ക്രമപ്രകാരമല്ല.ആവശ്യത്തിനനുസരിച്ച് ചെലവുകൾ ചെയ്യുവാനും വാങ്ങലുകൾ നടത്തുവാനും നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

54 ജഴ്സികളുടെ മൊത്ത വിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.നിരക്ക് രേഖപ്പെടുത്താത്തതിനാൽ ഒന്നിന്റെ വില കൃത്യമായി കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ മൊത്തവിലയുടെ അടിസ്ഥാനത്തിൽ ഒന്നിനു 369.50/-രൂപ നിരക്കിൽ കണക്കാക്കി അധികമായി നൽകിയ 7 ജഴ്സികളുടെ വിലയായ 2587/-രൂപ( 369.50 x 7=2586.50) തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തസ്സവാദം ഒഴിവാക്കേണ്ടതാണ്.

പദ്ധതി വിഭാവനം ചെയ്തതുപോലെ ക്രിക്കറ്റ്, ഫുട്ബാൾ, വോളിബാൾ, കബഡി എന്നിവയുടെ ടീം രൂപീകരിക്കുകയും പരിശീലനം നൽകുകയും, കളിക്കാരെ ബ്ലോക്ക്-ജില്ല തലങ്ങളിൽ മത്സരിപ്പിക്കുവാൻ സജ്ജരാക്കുകയും ആയതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

# 1-43 ഹെഡ്മിസ്'ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിലെ അപാകങ്ങൾ

2018 –19 വർഷം ഹെഡ്മിസ്ട്രസ് നിർവ്വഹിച്ച പദ്ധതികളിൽ ചുവടെച്ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

## 1) സ്കൂളുകൾക്ക് ഫർണിച്ചർ

| | |
|---|---|
| പദ്ധതി | പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പദ്ധതി നമ്പർ | S0194 |
| അടങ്കൽ | 600000/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 597480/- രൂപ |
| ബിൽ നം./ തീയതി | 2/19 – 23.05.2018 |

a)ഈ പദ്ധതിയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ എ2- 978/2017(5) പ്രകാരം 14.03.2018 ന് ടെണ്ടർ ക്ഷണിച്ചത് ബഞ്ച്, ഡെസ്ക്, അലമാര എന്നിവയ്ക്കായാണ്, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ടെണ്ടറിൽ 'മേലതിൽ' എന്ന സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ ബഞ്ച്, ഡെസ്ക്, അലമാര, ഷെൽഫ് എന്നിങ്ങനെയാണ്. 28.03.2018 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം IV (1) പ്രകാരം മേലതിൽ രേഖപ്പെടുത്തിയതും ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടാത്തതുമായ ഷെൽഫ് വാങ്ങി.

b) 21.06.2013 ലെ ജി ഒ (പി) 3/2013 എസ് പി ഡി ഖണ്ഡിക 7.33 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ കാലയളവായി 15 ദിവസം ആണ് നിർണ്ണയിച്ചിരിക്കുന്നത്. ഈ പദ്ധതിയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ എ2- 978/2017(5) പ്രകാരം 14.03.2018 ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഇത് പ്രകാരം ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 21.03.2018 ആണ്. ഇതിൽ ഏഴ് ദിവസം മാത്രമാണ് ടെണ്ടർ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്നത്.

c) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.2 (ഇ) (ii) പ്രകാരം അഞ്ച് ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾക്ക് ഇ ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

d) 21.06.2013 ലെ ജി ഒ (പി) 3/2013 എസ് പി ഡി ഖണ്ഡിക 9.62 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്കുള്ള വാങ്ങലുകൾക്ക് ടെണ്ടർ അംഗീകരിക്കപ്പെടുന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ പദ്ധതിയിൽ അത്തരം ഒരു കരാർ ചമച്ചിട്ടില്ല.

e) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 11/2018/തസ്വഭവ ഖണ്ഡിക 13.1 പ്രകാരം "പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതിയിൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളില്ല.

f) ടെണ്ടർ പരസ്യത്തിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കിയിട്ടില്ല.

g) തടി സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കേണ്ടത് വനം വകുപ്പാണ്. എന്നാൽ അത്തരം പരിശോധന നടന്നിട്ടില്ല.

h) പ്രൊക്യുവർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമല്ല.

i) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾത്തന്നെ 'എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണം.'ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 2) എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ

| | |
|---|---|
| പദ്ധതി | എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ |
| പദ്ധതി നമ്പർ | SO269 |
| അടങ്കൽ | 165000/- രൂപ |
| ഫണ്ടിനം | എസ് സി പി |
| ചെലവ് | 161800/- രൂപ |
| ബിൽ നം./ തീയതി | 14/19 – 23.03.2019 |

a) ഈ പദ്ധതിയിലെ ടെണ്ടർ പരസ്യം ലഭ്യമല്ല.

b) ഖണ്ഡിക 1 ലെ d, e, i എന്നീ അപാകങ്ങൾ ഈ പദ്ധതിയിലും ആവർത്തിച്ചിട്ടുണ്ട്.

c) ചുവടെചേർക്കുന്നവർക്ക് എസ് സി സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ് സൈക്കിൾ കൊടുത്തത്.

| | |
|---|---|
| 1 | അശ്വതി കെ. ജെ. |
| 2 | ബിഫ ധമ്മ ദ്രാവിഡ് |
| [illegible] | [illegible] |

| | |
|---|---|
| 3 | നന്ദന ബി. |
| 4 | സാന്ദ്ര എസ് ആർ |
| 5 | ഉണ്ണിമായ എൻ എസ് |
| 6 | ജേഷ്മ ജി ജെ |
| 7 | ആദിത്യ ആർ ഡി |
| 8 | നിഖിത ആർ എസ് |
| 9 | വിപിൻ വിനോദ് ആർ |
| 10 | ആരോമൽ എ |
| 11 | ആദിത്യൻ ആർ പി |
| 12 | രാഹുൽ ബി |
| 13 | അമൽനാഥ് ജി എസ് |
| 14 | കരുൺ ഹരി യു |
| 15 | ഗൗതം |

e) ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കിട്ട അപേക്ഷകളോ അവയിൽ നിന്ന് മുൻഗണനാടിസ്ഥാനത്തിൽ പഞ്ചായത്തുതല ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയതിന്റെ രേഖകളോ ലഭ്യമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റ വിധത്തിൽ നടത്തുക.

2. ആവശ്യമായ രേഖകളുടെ വെളിച്ചത്തിൽ മാത്രം ഗുണഭോക്താക്കളെ ഉറപ്പുവരുത്തുക.

3. നിയമാനുസൃതമായ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക.

4. സർക്കാർ മാർഗ്ഗരേഖകളും മറ്റ് ഉത്തരവുകളും കർശനമായി പാലിക്കുക.

5. മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ കൃത്യമായി മോണിറ്ററിംഗ് നിർവ്വഹിക്കുക.

# 1-44 പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്ക് ലാപ് ടോപ്പും പ്രൊജക്ടറും പദ്ധതി -അപാകങ്ങൾ

| | |
|---|---|
| പദ്ധതി | പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലേക്ക് ലാപ് ടോപ്പും പ്രൊജക്ടറും |
| പദ്ധതി നമ്പർ | S0195 |
| അടങ്കൽ | 733998/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് റോഡിതരം, ധനകാര്യ കമ്മിഷൻ അവാർഡ് |
| ചെലവ് | 461700/- രൂപ |
| ബിൽ നം./ തീയതി | 4/19 -23.05.2018, 203400/-<br>5/19 -22.06.2018, 200000/-<br>6/19 –22.06.2018, 58300/- |

a) 21.06.2013 ലെ ജി ഒ (പി) 3/2013 എസ് പി ഡി ഖണ്ഡിക 7.33 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ കാലയളവായി 15 ദിവസം ആണ് നിർണ്ണയിച്ചിരിക്കുന്നത്. ഈ പദ്ധതിയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ എ2- 978/2017(5) പ്രകാരം 14.03.2018 ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഇത് പ്രകാരം ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 21.03.2018 ആണ്. ഇതിൽ ഏഴ് ദിവസം മാത്രമാണ് ടെണ്ടർ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്നത്.

b) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.2 (ഇ) (ii) പ്രകാരം അഞ്ച് ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾക്ക് ഇ - ടെണ്ടർ രീതി നിർബന്ധമായും അവലംബിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

c) ടെണ്ടർ പരസ്യത്തിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കിയിട്ടില്ല.

d) മേൽ ടെണ്ടർ പരസ്യം പ്രകാരം SRS Associates സമർപ്പിച്ച ടെണ്ടറിൽ Acer laptop 29,300/- രൂപയ്ക്ക് ക്വാട്ട് ചെയ്തിരുന്നു. എന്നാൽ Computer World ന്റെ 33900/- രൂപയുടെ lenovo laptop ന് ആണ് 28.03.2018-ൽ A2 – 997/18 പ്രകാരം ആറ് ലാപ് ടോപ്പിന് സപ്ളൈ ഓർഡർ കൊടുത്തത്. ഇതുകാരണം 27600/- രൂപയുടെ (33900 – 29300 = 4600, 6x 4600 = 27600) അധിക ചെലവുണ്ടായി.

e) 21.06.2013 ലെ ജി ഒ (പി) 3/2013 എസ് പി ഡി ഖണ്ഡിക 9.62 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്കുള്ള വാങ്ങലുകൾക്ക് ടെണ്ടർ അംഗീകരിക്കപ്പെടുന്ന വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഈ പദ്ധതിയിൽ അത്തരം ഒരു കരാർ ചമച്ചിട്ടില്ല.

f) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.11/2018/തസ്വഭവ ഖണ്ഡിക 13.1 പ്രകാരം "പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ച് പദ്ധതിയിൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളില്ല.

g) 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾത്തന്നെ 'എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണം.'ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

h) പ്രൊക്യുവർമെന്റ് കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. 28.03.2018 ലെ 4.(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരമാണ് Computer World ന്റെ laptop ന് സപ്ളൈ ഓർഡർ കൊടുത്തിരിക്കുന്നത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 26/26.09.2019 ന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണ് Computer World ന്റെ laptop ന് സപ്ളൈ ഓർഡർ കൊടുത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രൊക്യുവർമെന്റ് കമ്മിറ്റി ഉത്തരവാദിത്തം നിർവ്വഹിക്കാത്തത് അഭികാമ്യമല്ല. ഇത്തരത്തിൽ ന്യായമായ കാരണങ്ങളില്ലാതെ കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന ടെണ്ടറുകൾ ഒഴിവാക്കി പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടാക്കുന്ന വിധം വാങ്ങൽ നടത്തിയത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

## 1-45 ടെണ്ടർ വഴി മരാമത്ത് പണികൾ - കരാർ ചമയ്ക്കുന്നതിലെ കാലതാമസം പിഴ ഈടാക്കാത്തതിനാൽ നഷ്ടം - 7,134/- രൂപ

വിശദവിവരങ്ങൾക്ക് ഖണ്ഡിക 2-1 കാണുക

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ടെണ്ടർവഴി മരാമത്ത് പണികൾ-കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ ഈടാക്കാത്തതിനാൽ നഷ്ടം-7134/- രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികളിൽ താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങൾ പ്രകാരമുള്ള പ്രവൃത്തികളിൽ 2012ലെ കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ഖണ്ഡിക 2009-6ൽ നിഷ്കർഷിച്ചിട്ടുള്ളതിൻപ്രകാരം സെലക്ഷൻ നോട്ടീസ് അയച്ചതിനു ശേഷം കരാർ ചമക്കുന്നതിന് കാലതാമസം വരുത്തിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. പ്രവൃത്തിയുടെ പേര് | കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | പിഴ കൂടാതെ കരാർ ചമക്കേണ്ട തീയതി | കരാർ ചമച്ച തീയതി | കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽനം. തീയതി |
|---|---|---|---|---|---|---|---|---|
| 1. | SO 268/18 | 464458.65 | 4.11.17 | 18.11.17 | 4.01.2018 | ജയകുമാർ.ഡി | 4645 | 45/ 19.1.2019 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മൈലമൂട് പരയർകോണം റോഡ് കോൺക്രീറ്റ് | | | | | | | |
| 2. | SO 132/19<br>ശംഭു താങ്ങി നെടുവയൽ തടം കോൺക്രീറ്റിങ്ങ് | 148858 | 19.7.18 | 2.8.18 | 13.8.18 | ജയകുമാർ.ഡി | 1489 | 39/ 3.9.18 |
| 3. | SO91/18<br>ആനക്കയത്തുമൂല ഒറ്റത്തെങ്ങ് തടം കോൺക്രീറ്റ് | 98750 | 19.7.18 | 2.8.18 | 13.8.18 | കുഞ്ഞുമോൻ.കെ | 1000 | 38/ 23.11.18 |
| | | ആകെ- 7134/- | | | | | | |

ഇപ്രകാരം പിഴ ഈടാക്കാതെ കരാർ ചമച്ചതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പിഴവ് തിരുത്തി കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നൽകി.തുക കരാറുകാരിൽ നിന്നും ഈടാക്കി അടവാക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതായിരിക്കും

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വാങ്ങൽ നടപടികളിൽ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെട്ടില്ല – അധിക ചെലവ് -97,595/-രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങൽ നടപടികളിൽ മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി, സുതാര്യത, ഉത്തരവാദിത്തം എന്നീ അടിസ്ഥാന തത്വങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ അടിസ്ഥാന തത്വങ്ങളിൽ ശ്രദ്ധ നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പ്രൊക്യൂർമെന്റ് കമ്മിറ്റിക്കും ഭരണസമിതിക്കും കഴിഞ്ഞിട്ടില്ല. വാങ്ങലിന്റെ ആവശ്യകത തിരിച്ചറിയാതെ സാധനങ്ങളുടെ തരം, സ്പെസിഫിക്കേഷൻ, മൂല്യം എന്നിവ തീരുമാനിക്കാതെ നടത്തിയ വാങ്ങലുകൾ അധിക ചെലവ് ഉണ്ടാക്കി.

**1) പാലൈക്കോണം കമ്മ്യൂണിറ്റി ഹാളിന് പാത്രങ്ങൾ, ഫർണിച്ചർ, പമ്പ് സെറ്റ് എന്നിവ വാങ്ങൽ**

| | | |
|---|---|---|
| പ്രോജക്ട് നം. | : | 108/19 |
| അടങ്കൽ തുക | : | 200000 |
| ചെലവ് തുക | : | 200000 |
| ഫണ്ടിനം | : | വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ | : | 44/18 |

മേലതിൽ ഇൻഡസ്ട്രിയിൽ നിന്നും നടത്തിയ വാങ്ങലുകൾ മറ്റു ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ കാരണം രേഖപ്പെടുത്താതെ കൂടിയ നിരക്കിലുള്ളവ വാങ്ങിയതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | ചെലവാക്കിയ തുക | ചെലവ് ആക്കേണ്ട തുക (ടെണ്ടർ സമർപ്പിച്ചതിൽ കുറവ് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക്) | നഷ്ടം |
|---|---|---|---|---|
| ഓഫീസ് ടേബിൾ | 1 | 2900 | 2790 | 110 |
| ഓഫീസ് അലമാര | 2 | 18000 | 14780 | 3220 |
| വാട്ടർ ടാങ്ക് | 1 | 3000 | 3750 | (-) 750 |
| പമ്പ് സെറ്റ് | 1 | 7000 | 5150 | 1850 |
| സ്റ്റീൽ വെസൽ | 200 കി.ഗ്രാം | 60000 | 16900 | 43100 |
| ആം ചെയർ | 152 | 91200 | 69768 | 21432 |
| **ആകെ നഷ്ടം** | | | | **68962** |

**<u>2)പുറുത്തിപ്പാറ കമ്മ്യൂണിറ്റി ഹാളിന് ഫർണീച്ചർ വാങ്ങൽ</u>**

പ്രോജക്ട് നമ്പർ - S0110/2019

അടങ്കൽ തുക - 100000

ചെലവ് തുക - 99800/-

ഫണ്ടിനം - വികസനഫണ്ട് (SCP)

ബിൽ നമ്പർ - 43/2019

കമ്മ്യൂണിറ്റി ഹാളിന് ആവശ്യമായ 5 ഇനങ്ങളുടെയും അളവുകളോ, എണ്ണമോ പറയാതെയുള്ള ടെണ്ടർ പരസ്യമായതിനാൽ പങ്കെടുത്ത 3 സ്ഥാപനങ്ങളുടെയും ടെണ്ടറുകൾ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

**1.** ശബരി സ്റ്റീൽ ഇൻഡസ്ട്രീസ്, വെള്ളനാട് 2. മേലതിൽ ഇൻഡസിട്രീസ്, തീരുമല 3.ഗ്രേസ് ഇൻഡസ്ട്രീസ്, നേമം എന്നീ സ്ഥാപനങ്ങളാണ് പങ്കെടുത്തത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാന്വൽ പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറാണ് സാധാരണയായി അംഗീകരിക്കേണ്ടത്. അല്ലാത്ത പക്ഷം കാരണം രേഖപ്പെടുത്തേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി അംഗീകരിച്ച ടെണ്ടറുകൾ മാന്വലിന് വിരുദ്ധമാണ്.

| **സ്ഥാപനം** | | | | | | | |
|---|---|---|---|---|---|---|---|
| **ഇനം** | **എണ്ണം** | **ശബരി** | **മേലതിൽ** | **ഗ്രേസ്** | **ചെലവ് തുക** | **ചെലവാക്കേണ്ടിയി** | **നഷ്ടം** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | രുന്ന തുക | |
| ഓഫീസ് അലമാര, എക്സിക്യൂട്ടീവ് | 3 | 7390 | 9000 | ലഭ്യമാക്കിയിട്ടില്ല | 27000 | 22170 | 4830 |
| ഓഫീസ് ചെയർ | 93 | 459 | 600 | 580 | 55800 | 42687 | 13113 |
| വൈറ്റ് ബോർഡ് | 1 | 2000 | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | 2000 | - | - |
| ബെഞ്ച് | 2 | 2340 | 2500 | 3800 | 5000 | 4680 | 320 |
| ഓഫീസ് ചെയർ, എക്സിക്യൂട്ടീവ് | 3 | | 2000 | ലഭ്യമാക്കിയിട്ടില്ല | 10800 | - | |
| **ആകെ നഷ്ടം** | | | | | | | **18263** |

ടെണ്ടർ ഇനമായിരുന്നമേശ, ബ്ലാക്ക് ബോർഡ് ഇവ ഒഴിവാക്കുകയും ഓഫീസ് ചെയർ എക്സിക്യൂട്ടീവ്. വൈറ്റ് ബോർഡ് എന്നിവഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

**3) <u>വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ</u>**

പ്രോജക്റ്റ് നമ്പർ - S0 136/2019

അടങ്കൽ തുക - 2,82,000

ചെലവ് തുക - 2,82,000

ഫണ്ടിനം - MG (NR)

ബിൽ നമ്പർ - 42/2019

കാരണം രേഖപ്പെടുത്താതെ കൂടിയ നിരക്കിലുള്ള സാമഗ്രികളുടെ വാങ്ങലിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| **ഇനം** | **എണ്ണം** | **ചെലവാക്കിയ തുക** | **ചെലവാക്കേണ്ട തുക (ടെണ്ടർ സമർപ്പിച്ചതിൽ കുറവ് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്ക്)** | **നഷ്ടം** |
|---|---|---|---|---|
| ഓഫീസ് ചെയർ | 498 | 98000 | 82810 | 15190 |
| ഓഫീസ് ടേബിൾ | 20 | 58000 | 55800 | 2200 |
| ഓഫീസ് അലമാര | 18 | 126000 | 133020 | (-)7020 |
| | | **282000** | **271630** | **10370** |

മേലതിൽ ഇൻഡസ്ട്രീസിൽ നിന്നുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള ശബരി സ്റ്റീൽ ഫർണീച്ചറിൽ നിന്നും വാങ്ങലുകൾ നടത്തിയിരുന്നുവെങ്കിൽ 10370/- രൂപ ലാഭിക്കാമായിരുന്നു.

മേൽ നഷ്ടം പരാമർശിച്ചു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 12 ന്, ഗുണനിലവാരമുള്ള സാമഗ്രികൾക്ക് കൂടുതൽ വില നൽകേണ്ടി വന്നുവെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആവശ്യകത തിട്ടപ്പെടുത്താതെയും സാമഗ്രികളുടെ സ്പെസിഫിക്കേഷൻ തയ്യാറാക്കാതെയും, സാങ്കേതിക

സാമ്പത്തിക സാധ്യതാറിപ്പോർട്ട് തയ്യാറാക്കാതെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മാർഗം പ്രൊക്യൂർമെന്റ് കമ്മിറ്റി നിർദ്ദേശിക്കാതെയുമുള്ള വാങ്ങലുകൾ അംഗീകരിക്കാവുന്നതല്ല. വാങ്ങലിന്റെ ഓരോ ഘട്ടത്തിലും ഉൾപ്പെട്ടിട്ടുള്ളവർ കടമകൾ തെറ്റായി നിർവഹിച്ചതിനാൽ 97595/- രൂപയുടെ അധിക ചെലവുണ്ടായി. ഈ തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധികഅളവിൽഎർത്ത് ഫില്ലിങ്ങ് നൽകിയതുമൂലം മൂലം അധികച്ചെലവ് 11,121/- രൂപ നിരാകരിക്കുന്നു

ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയൽ പരിശോധനയിൽ എസ്റ്റിമേറ്റിൽ അംഗീകരിച്ചതിനേക്കാൾ അധിക അളവിൽ എർത്ത് ഫില്ലിങ്ങ് നൽകിയതുമൂലം മൂലം അധികച്ചെലവു വന്നത് സംബന്ധിച്ച്.

## 1) ബൗണ്ടർ മുക്ക് മുന്നാറ്റുമുക്ക് റോഡ് – റീടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 42/18 |
| പേര് | ബൗണ്ടർമുക്ക് മൂന്നാറ്റുമുക്ക് റോഡ്-റീടാറിങ്ങ് |
| അടങ്കൽ | 600000 |
| ചെലവ് | 362463 |
| ബിൽ നമ്പർ | 43/18-19 തീയതി 29.12.2018 |
| ഫണ്ട് | മെയിന്റനൻസ് റോഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 338/18-19 |
| TS NO: | 13734/2018-19 |
| SoR | DSR-2016 |
| കോൺട്രാക്ടർ | ശ്രീ. ആർ .അനിൽകുമാർ |
| നിർവഹണം | അസി. എഞ്ചിനീയർ |
| Cost Index | 44.12% |

പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ protection wall നിർമ്മാണം ഇനം 7 (od 55453/2018-19) പ്രകാരം earth filling with contractors own earth ..... lead up to 1.5 m എന്ന പ്രവൃത്തിയുടെ ഇനം 2.7 ലെ ഒരു ഘടകമായി താഴെ പ്രകാരംപറയും വിധം അളവും നിരക്കും അംഗീകരിച്ചിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| Side wall inside filling | 1 | 60 | 1.200 | 1.300 | 93.60 |

ഇതിൽനിന്നും consolidation 20% കുറക്കാതെ earth work excavation വഴി ലഭിച്ച 24.46 $m^3$ മണ്ണ് കുറച്ച് 69.14 $m^3$ ന് ആണ് എസ്റ്റിമേറ്റ് അംഗീകാരം.

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ പേജ് 14 പ്രകാരം side wall earth filling ഇനത്തിന് 107.92m$^3$ അളവ് അനുവദിച്ചിരിക്കുന്നു. ഇതിൽ നിന്നും earth work excavation വഴി ലഭിച്ച 26.51m$^3$ മണ്ണ് (എം ബുക്ക് ഇനം 2.001 പ്രകാരം) , consolidation 20%-16.28 m$^3$ എന്നിവ കുറച്ച് 65.128 m$^3$ നാണ് തുക നൽകിയിട്ടുള്ളത്. side wall earth filling ഇനത്തിന് 93.601 മാത്രമാണ് അംഗീകൃത അളവ് എന്നിരിക്കെ 107.92m$^3$ അനുവദിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന consolidation എം ബുക്കിൽ മാത്രം ഉൾപ്പെടുത്തി അളവ്പരിമിതപ്പെടുത്തി തുക നൽകി.അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എന്ക്വയറി 38 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇനം 7 ന് അധികം നൽകിയതുക താഴെ പ്രകാരം വിശദീകരിക്കുന്നു.

അനുവദിക്കാവുന്ന അളവും തുകയും -93.601-24.46-13.82 =55.32@350 =19362

അനുവദിച്ച അളവും തുകയും 107.92-26.51-16.28 =65.128@350=22795

**അധികം നൽകിയതുക =3433/-**

**2)മൂന്നാംകല്ല് പുളിമൂട്തടം സൈഡ്വാൾ നിർമ്മാണം**

| | |
|---|---|
| പ്രോജക്ട് നമ്പർ | 250/19 |
| പേര് | മൂന്നാംകല്ല് പുളിമൂട് തടം സൈഡ് വാൾ നിർമ്മാണം |
| അടങ്കൽ | 808048 |
| ചെലവ് | 598482 |
| ബിൽ നമ്പർ | 46/2019തീയതി19.1.19 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 370/18-19 |
| TS NO: | 104321/2018-19 |
| SoR | DSR-2016 |
| കോൺട്രാക്ടർ | ശ്രീ. ടി . ജി. പ്രതാപ് |
| നിർവഹണം | അസി. എഞ്ചിനീയർ |
| Cost Index | 44.12% |

പ്രസ്തുത പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ side wall നിർമ്മാണം ഇനം 4 (od 289294/2018-19) പ്രകാരം earth filling with contractors own earth ..... lead up to 1.5 m എന്ന പ്രവൃത്തിക്ക് താഴെ പ്രകാരംപറയും വിധം അളവും നിരക്കും അംഗീകരിച്ചിരിക്കുന്നു

| | | | | | |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| Side wall inside filling | 1 | 120 | 1.000 | 1.500 | 180 |
| Road rising | 1 | 120 | 3.200 | .330 | 126.720 |
| Thode protection foundation | 1 | 80 | .900 | .500 | -36.00 |
| | 1 | 40 | .800 | .500 | -16.00 |
| Shrinkage | 30 | | | | -30 |
| Total quantity - 306.720 | | | | | |
| Total deducted quantity - -82.00 | | | | | |
| netTotal quantity - 224.720 | | | | | |
| Rate -402.3 /cum | | | | | |

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ side Wall inside filling, road rising എന്നീ രണ്ടു വ്യത്യസ്ത പ്രവൃത്തികളിലായി വ്യത്യസ്ത വീതി, കനം അളവുകളിലായി മണ്ണ് നിറക്കുന്ന പ്രവൃത്തിക്ക് പകരം താഴെ പറയുന്ന അളവുകളിലാണ് എർത്ത് ഫില്ലിങ്ങ് ചെയ്തിട്ടുള്ളത്.

| No | നീളം | വീതി (ശരാശരി) | കനം (ശരാശരി) | | ആകെ |
|---|---|---|---|---|---|
| 1 | 25 | 2.30 | 1.30 | 74.75 | 272.78 |
| | 30 | 2.10 | 1.06 | 66.78 | |
| | 35 | 2.10 | 1 | 73.50 | |
| | 27.50 | 2.10 | 1 | 57.75 | |
| Deduct 20% consolidation 54.5 $m^3$ | | | | | |
| **ആകെ 218.28 $m^3$** | | | | | |

Side wall inside filling ന വേണ്ടി 1 മീറ്റർ വീതിക്കു മാത്രമാണ് 1.5 $m^3$ കനത്തിൽ മണ്ണ് നിറക്കുന്ന പ്രവൃത്തി അംഗീകരിച്ചിട്ടുള്ളത്. Road rising ന വേണ്ടി .330 കനം മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ എം. ബുക്ക് പ്രകാരം മൊത്തം വീതിക്ക് ശരാശരി കനം 1.09 ഉപയോഗിച്ചിട്ടുണ്ട്. കൂടാതെഎസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന consolidation എം ബുക്കിൽ മാത്രം ഉൾപ്പെടുത്തി അളവ്പരിമിതപ്പെടുത്തി തുക നൽകി.അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എന്ക്വയറി 27 ന് നൽകിയ മറുപടി യിൽ അപാകം സാധൂകരിച്ചിട്ടില്ല.

ഇനം 4ന് അധികം നൽകിയതുക താഴെ പ്രകാരം വിശദീകരിക്കുന്നു.

<u>അനുവദിക്കാവുന്ന അളവും തുകയും</u> -

306.720-82.00-44.94(consolidation 20%) =179.78 $m^3$ @ 200(item rate)=35,956/-

<u>അനുവദിച്ച അളവും തുകയും</u>

272.78-54.55 (consolidation 20% ) =218m$^3$ @200(item rate)= 43,644/-

**അധികം നൽകിയതുക =7,688/-**

ആകെ അധികം നൽകിയതുക 3433+ 7688= 11,121/- രൂപ നിരാകരിക്കുന്നു.

# 3-3 subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല- അധികച്ചെലവ്-3519/-രൂപ നിരാകരിക്കുന്നു

ചുവടെ ചേർക്കുന്ന പദ്ധതിയുടെ ഫയൽ പരിശോധനയിൽ subgrade earthen shoulder പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവു വന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 237/19 |
| പേര് | മൈലമൂട് -പറയർകുന്ന് റോഡ് ടാറിങ്ങ് |
| അടങ്കൽ | 500000 |
| ചെലവ് | 464235 |
| ബിൽ നമ്പർ | 45/19തീയതി. 31.12.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് റോഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 237/19 |
| TS NO: | 49699/2017-18 |
| SOR | DsoR-16 |
| Cost index | 50.98% |
| നിർവഹണം | അസി.എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയുടെ berm concrete ഇനം1(code)3.5. 1 പ്രകാരം earth work excavation for road way in soil ...എന്ന പ്രവൃത്തിയിലൂടെ 8.065m$^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ 7) .എന്നാൽ berm concrete ഇനം4(code3.14) പ്രകാരം subgrade earthen

shoulder നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 11) side berm concrete ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ അളവും നിരക്കും ചുവടെ ചേർക്കുന്നു.

കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 7) = 8.065 $m^3$

Earthen shoulderനു ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 11) = 14.91 $m^3$

കുഴിച്ചെടുത്ത 8.065 $m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ

Earthen shoulderനുനൽകേണ്ടിയിരുന്ന മണ്ണിന്റെ അളവ് 14.91 $m^3$ -8.065 $m^3$ =6.85$m^3$

നൽകേണ്ട നിരക്ക് 6.85$m^3$ @ 436.56(item rate ) =2990.43

അനുവദിച്ച തുക 14.91x436.56 = 6509.10

(എം.ബുക്ക് പേജ് നം 32)

അധികം നൽകിയ തുക 6509.10– 2990.43 =3519/-രൂപ

മേൽ അപാകം code 3.5.1,3.14എന്നിവയുടെ detailed data സഹിതം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുഴിച്ചെടുത്ത മണ്ണ്പ്രസ്തുതനിർമ്മാണത്തിൽ തന്നെ ഉപയോഗിച്ച എന്നാണ് മറുപടി നല്കിയത്.എന്നാൽ ഇതു സംബന്ധിച്ച സാക്ഷ്യ പത്രമോ രേഖപ്പെടുത്തലുകളോ ഇല്ല.സാധൂകരണമില്ലാതെ ചെലവഴിച്ച/അധികം നൽകിയ തുക 3,519/-രൂപ നിരാകരിക്കുന്നു.

# 3-4 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ പദ്ധതി -അപാകതകൾ 4682/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 79/2018-19 |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 160950/-രൂപ |
| ചെലവ് | 160950/-രൂപ |
| ബിൽ നം | 5/2018-19 തീയതി 20.12.2018<br>8/2018-19 തീയതി 22.01.2019 |

അസി.സെക്രട്ടറി നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി -38 പേർക്ക് ) നൽകൽ എന്ന പദ്ധതിയിൽ കട്ടിൽ വാങ്ങിയതിനു തുക നൽകിയിരിക്കുന്നതിൽ അപാകതയുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

1. ചെമ്പകമംഗലം ഫർണിച്ചർ മാർട്ടിൽ നിന്നും 17.12.2018 ൽ 31 കട്ടിലും 18.01.2019 ൽ 7 കട്ടിലും ഉൾപ്പെടെ 38കട്ടിലുകൾ വാങ്ങിയിരിക്കുന്നു.പ്രസ്തുത ബില്ലുകൾ പരിശോധിച്ചതിൽ 17.12.2018 ൽ വാങ്ങിയ 31 കട്ടിലുകൾക്ക് ജി.എസ്.റ്റി കണക്കാക്കിയതു ചുവടെ ചേർക്കും പ്രകാരമാണ്.

31 കട്ടിലുകൾക്ക് @ 3485/- = 108035/-

SGST @9% = 11857.50/-

CGST @ 9% =11857.50/-

ആകെ = 131750/-രൂപയാണ് നൽകിയിരിക്കുന്നത്

എന്നാൽ 31 കട്ടിലുകൾക്ക് @ 3485/- = 108035/-

SGST @9% = 9723.15/-

CGST @ 9% =9723.15/-

ആകെ = 127481/-രൂപയാണ് നൽകേണ്ടത്

4269/-രൂപ അധികമായി നൽകി. ബില്ലിൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് സാങ്കേതികം മാത്രമാണെന്നുള്ള വിശദീകരണം (ഓഡിറ്റ് എൻക്വയറി 14 ന്റെ മറുപടി) അംഗീകരിക്കുന്നില്ല.

2. ഒരു മാസത്തിനുള്ളിൽ തന്നെ വ്യത്യസ്ഥമായ നിരക്കിൽ കട്ടിലുകൾ വാങ്ങിയിരിക്കുന്നു. ഇതു വഴി പഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.18.01.2019 ൽ വാങ്ങിയ കട്ടിലുകളുടെ നിരക്ക് 3602/- രൂപയാണ്

7കട്ടിലുകൾക്ക് @3602 =25214/-രൂപ

SGST @9% = 2269/-

CGST @ 9%=2269/-

ആകെ=29752/-

എന്നാൽ 29200/-രൂപയാണ് നൽകിയിരിക്കുന്നത്

7കട്ടിലുകൾക്ക് @3485 =24395/-രൂപ.

SGST @9% = 2196/-

CGST @ 9%=2196/-

ആകെ=28787/-രൂപയാണ് നൽകേണ്ടത്.

അധികമായി നൽകിയ തുക 413/-രൂപ

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വറിയിക്കുള്ള മറുപടിയിൽ ടെണ്ടർ തുക മാത്രം പരിഗണിച്ചാണ് തുക നൽകിയിരിക്കുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല. അതിനാൽ അധികമായി നൽകിയ 4682/-രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-5 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ നൽകി 39525/-രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 67/18-19 |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി) |
| അടങ്കൽ | 400000/-രൂപ (ഗുണഭോക്തൃ വിഹിതം 100000/-) |
| ചെലവ് | 150450/-രൂപ (ഗുണഭോക്തൃ വിഹിതം 37587/-) |
| ബിൽ നം | 3/2018-19 തീയതി 30.11.2018<br>7/2018-19 തീയതി 01.01.2019<br>12/2018-19 തീയതി 21.03.2019 |

അസി.സെക്രട്ടറി നിർവഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പദ്ധതിയിൽ 51 കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു.സീന ഫർണിച്ചർ & ഹാർഡ് വെയർ എന്ന സ്ഥാപനം വാട്ടർ ടാങ്ക് ഒന്നിനു 2950/-രൂപ നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും ആയതു അംഗീകരിക്കുകയും ചെയ്തു.എന്നാൽ Tritech traders എന്ന സ്ഥാപനം 2175/-രൂപ നിരക്കിൽ സമർപ്പിച്ച് ടെണ്ടർ നിരസിച്ചാണ് സീന ഫർണിച്ചർ & ഹാർഡ് വെയറിനു ടെണ്ടർ നൽകിയത്. അതു വഴി പഞ്ചായത്തിന്റെ നഷ്ടം ചുവടെ ചേർക്കുന്നു.

സീന ഫർണിച്ചർ & ഹാർഡ് വെയർ എന്ന സ്ഥാപനത്തിനു നൽകിയ തുക

2950 x 51 =150450/-രൂപ

Tritech traders എന്ന സ്ഥാപനത്തിനു ടെണ്ടർ നൽകിയിരുന്നുവെങ്കിൽ നൽകേണ്ട തുക

2175 x 51 = 110925/-രൂപ

അധികമായി നൽകേണ്ടിവന്ന തുക 150450-110925 =39525/-രൂപ .

ഇത്തരത്തിൽ കുറഞ്ഞനിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനത്തിനെ ഒഴിവാക്കിയതിനുള്ള വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14(3)നു മറുപടി ഹാജരാക്കിയില്ല. അധികമായി നൽകിയതുക നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.05.2019-23.05.2019 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/978 /19, 02.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 420000 | ഹരിതഭവനം | 0 | 420000 |
| | | 7500 | ജൈവസമൃദ്ധി | 0 | 7500 |
| | | 299250 | സ്നേഹ സ്പർശം | 299250 | 0 |
| | | 60000 | ക്ഷീരസമൃദ്ധി | 60000 | 0 |
| | | 127500 | ക്ഷീരസമൃദ്ധി വനിത | 127500 | 0 |
| | | 3280283 | ലൈഫ് ഭവനം | 2220000 | 1060283 |
| | | 1490137 | ലൈഫ്ഭവനം (എസ്.സി) | 0 | 1490137 |
| | | 190598 | ലൈഫ്ഭവനം (എസ്.റ്റി) | 0 | 190598 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 299250 | സ്നേഹ സ്പർശം | 299250 | 0 |
| | | 200000 | ക്ഷീരസമൃദ്ധി | 200000 | 0 |
| | | 250000 | ക്ഷീരസമൃദ്ധി വനിത | 250000 | 0 |
| | | 1075920 | ലൈഫ് എസ്.സി. | 0 | 1075920 |
| | | 2029607 | ലൈഫ് (G &TSP) | 1920000 | 109607 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 295/2019<br>പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 108543 | -- | 108543 |
| KSEB | Rurban mission | | 2618530 | | 2618530 |
| KSEB | Rurban mission | | 2380886 | | 2380886 |
| KSEB | Rurban mission | | 166070 | | 166070 |
| KSEB | Rurban mission | | 17700 | | 17700 |
| KWA | 255/2019<br>പൈപ്പ് ലൈൻ നീട്ടൽ | | 450000 | | 450000 |
| KWA | 256/2019<br>വലിയമല എസ്.സി കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | | 398900 | | 398900 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 25240007/-രൂപ വരവുണ്ട്. മുൻബാക്കി 3893700/-രൂപയടക്കം 29133707/-രൂപയിൽ 1946850/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | GO (ms) 207/2010/lsgd/20.01.2010 | 19468500 | 3893700 | 1946850 | 1946850 |
| KURDFC | GO (ms) 68/2018/lsgd/ 18.05.2018 | 25240007 | -- | -- | 25240007 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2014-15 | 3.1 | 2250/- | ഡോ.പ്രകാശ് മെഡിക്കൽ ഓഫീസർ | 118090100521/ 14.05.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 142025107 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 121165785 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7134 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 156442 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1455411 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 7134 | | ശ്രീ.കെ.എൻ.സന്തോഷ്കുമാർ,<br>അസി. എഞ്ചിനീയർ |
| 3-1 | - | 97595 | ശ്രീമതി. ജയന്തി.എസ്,<br>സെക്രട്ടറി |
| 3-2 | | 11121 | ശ്രീ.കെ.എൻ.സന്തോഷ്കുമാർ,<br>അസി. എഞ്ചിനീയർ |
| 3-3 | | 3519 | ശ്രീ.കെ.എൻ.സന്തോഷ്കുമാർ,<br>അസി. എഞ്ചിനീയർ |
| 3-4 | | 4682 | ശ്രീ.എസ്.എസ്.ശ്യാമപ്രസാദ്,<br>അസി.സെക്രട്ടറി |
| 3-5 | | 39525 | ശ്രീ.എസ്.എസ്.ശ്യാമപ്രസാദ്,<br>അസി.സെക്രട്ടറി |
| **ആകെ** | 7134 | **156442** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 267004 | ഡോ. ശശി,<br>മെഡിക്കൽ ഓഫീസർ |
| 1-34 | 500000 | ഡോ. ശശി,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-35 | 50000 | ഡോ. ജയ ഡേവിഡ്,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-36 | 58490 | ശ്രീമതി. ഉഷാകുമാരി.എൽ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-37 | 407500 | സൗമ്യ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-40 | 119830 | ശ്രീ.എസ്.എസ്.ശ്യാമപ്രസാദ്,<br>അസി.സെക്രട്ടറി |
| 1-41 | 50000 | ശ്രീ.എസ്.എസ്.ശ്യാമപ്രസാദ്,<br>അസി.സെക്രട്ടറി |
| 1-42 | 2587 | ശ്രീ.എസ്.എസ്. ശ്യാമപ്രസാദ്,<br>അസി.സെക്രട്ടറി |
| **ആകെ** | **1455411** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| |
|---|
| ഇല്ല |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. ജയന്തി.എസ്, സെക്രട്ടറി | സെക്രട്ടറി, ആര്യനാട് പഞ്ചായത്ത് | അനാമിക, ഗ്രീൻവാലി, ജി.വി.ആർ.എ,എ22, വഴയില, കരകുളം |
| ശ്രീകെ.എൻ.സന്തോഷ്കുമാർ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ | ശ്രീവൽസം, ഇറുവേലി, പനവൂർ.പി.ഒ, നെടുമങ്ങാട് |
| ശ്രീ.എസ്.എസ്.ശ്യാമപ്രസാദ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി | പടിഞ്ഞാറ്റതിൽ, ആലിയാട്.പി.ഒ, വെഞ്ഞാറമ്മൂട് |
| ഡോ. ശശി. മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | എസ്.കെ.വിഹാർ, റ്റി.സി.141379/ എൻ.ആർ.എ 124,ബേക്കറി ജങ്ഷൻ, തിരുവനന്തപുരം |
| ശ്രീമതി.സൗമ്യ ,വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | വലിയവിളവീട് , കട്ടച്ചൽകുഴി.പി.ഒ |
| ശ്രീമതി. ഉഷാകുമാരി.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുരഭി, മഞ്ചമൂല, പുതുകുളങ്ങര പി.ഒ<br>പിൻ. 695541 |
| ഡോ.ജയ ഡേവിഡ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | രാജ് നിവാസ്, ധനുവച്ചപുരം, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018 തീയതി 16.06.2018 | 1 | |
| 2008-09 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018, തീയതി 16.06.2018 | 4 | |
| 2009-10 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018തീയതി 16.06.2018 | 2 | |
| 2011-12 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018തീയതി 16.06.2018 | 7 | |
| 2013-14 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018 തീയതി 16.06.2018 | | |
| 2014-15 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018 തീയതി 16.06.2018 | 11 | |
| 2015-16 | കെ.എസ്.എ.ഡി .ജി.പി5 / 1177/2018 തീയതി 09.12.2018 | 17 | |
| 2016-17 | കെ.എസ്.എ.ഡി .ജി.പി5 / 2030/2018 | 29 | |

| | | | |
|---|---|---|---|
| | തീയതി 19.10.2017 | | |
| 2017-18 | കെ.എസ്.എ.ഡി .ജി.പി5 / 2007/2018 തീയതി 15.05.2019 | 27 | |

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുവനന്തപുരം ജില്ലയിലെ **ആര്യനാട്** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാംതന്നെ വൗച്ചറിന്റെ അടിസ്ഥാനത്തിലാണ്.

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എസ്.21/12/19